<u>(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)</u>

നം.കെ.എസ്.എ-ഐ.ഡി.കെ.13/1401/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി

തീയതി:22.01.2019
Ph:04862-227332
E-mail:doidk.ksad@kerala.gov.in

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കഞ്ഞിക്കുഴി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് -2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ഭാഗം 3 എന്നിവയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.
ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്ന തിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയള വിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്.(ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23,1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :</u>

1. സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ഐ.ഡി.കെ-13/1401/2018 തീയതി:22.01.2019

## <u>ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക</u>

## വർഷത്തെ

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഇടുക്കി ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.08.2017 മുതൽ 09.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10.12.2018 മുതൽ 15.12.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. ധനജയൻ.റ്റി.എസ്. | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സണ്ണി.എം.യു. | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനിറ്റപി.സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഷീബ ജയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.കെ.എസ്.രാജീവ് | 01.04.2017 മുതൽ 28.06.2017 വരെ |

| | | |
|---|---|---|
| | ശ്രീ.മധുസൂദനൻ ഉണ്ണിത്താൻ | 29.06.2017 മുതൽ 15.07.2017 വരെ |
| | ശ്രീ.പ്രദീപ് പി.ജി | 16.07.2017 മുതൽ 31.03.2018 വരെ |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.മാളൂട്ടി ബി. | 01/04/2017 മുതൽ 10.04.2017 വരെ |
| | ശ്രീ.ഷബീർ എം എച്ച് | 11.04.2017 മുതൽ 02.08.2017 വരെ |
| | ശ്രീമതി റാണി ജേക്കബ്. | 03.08.2017 മുതൽ 10.08.2017 വരെ |
| | ശ്രീ.യു.എം. അനിൽകുമാർ | 11.08.2017 മുതൽ 03.12.2017 വരെയും 24.03.2018 മുതൽ 31.03.2018വരെയും |
| | ശ്രീമതി മീരാ മോഹൻ എൻ | 04.12.2017 മുതൽ 23.03.2018 വരെ |
| വെറ്ററിനറി സർജൻ | ശ്രീ സാം എബ്രഹാം | 01/04/2017 മുതൽ 31/03/2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.ഓമനക്കുട്ടൻ കെ | 01/04/2017 മുതൽ 31/03/2018 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി സിനി ബിജു | 01/04/2017 മുതൽ 31/03/2018 വരെ |
| വി.ഇ.ഒ. | ശ്രീ സുനിൽ കുമാർ എം.എസ്. | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ സരീഷ് ചന്ദ്രൻ | 01/04/2017 മുതൽ 31/03/2018 വരെ |
| മെഡിക്കൽഓഫീസർ(ആയുർവ്വേദം) | ഡോ സവിത എസ് | 01/04/2017 മുതൽ 02.01.2018 വരെ |
| | ഡോ. ദിലീപ് വി വി | 03.01.2018 മുതൽ 26.02.2018 വരെ |
| | ഡോ ഡിജി പി.ഡി | 27.02.2018 മുതൽ 31.03.2108 വരെ |
| മെഡിക്കൽഓഫീസർ(ഹോമിയോ) | ഡോ.ദീപക് കെ | 01/04/2017 മുതൽ 28.05.2017 വരെ |

| | | |
|---|---|---|
| | ഡോ.വിഷ്ണു കെ | 29.05.2017 മുതൽ 24.10.2017 വരെ |
| | ഡോ. അർച്ചന അശോക് | 25.10.2017 മുതൽ 22.01.2018 വരെ |
| | ഡോ.അൽസാ എ പി | 23.01.2018 മുതൽ 31.03.2018 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി ഗീത വി കെ | 01/04/2017 മുതൽ 31/03/2018 വരെ |
| അസി.എഞ്ചിനീയർ | ശ്രീ കെ കെ അയ്യപ്പൻ | 01.04.2017 മുതൽ 29.05.2017 വരെ |
| | ശ്രീമതി. മഞ്ജു വി കെ | 30.05.2017 മുതൽ 31.03.2018 വരെ |
| അസി.സെക്രട്ടറി | ശ്രീമതി രാജശ്രീ ടി | 01.04.2017 മുതൽ 02.08.2017 വരെ |
| | ശ്രീമതി സിമി കെ ജോർജ്ജ് | 03.08.2017 മുതൽ 30.11.2017 വരെ |
| | (ഒഴിവ്) | 01.12.2017 മുതൽ 13.12.2017 വരെ |
| | ശ്രീ സുധീർ പി എസ് | 14.12.2017 മുതൽ 25.01.2018 വരെ |
| | (ഒഴിവ്) | 26.01.2018 മുതൽ 18.02.2018 വരെ |
| | ശ്രീ റോയ് മോൻ ടി ചാക്കോ | 19.02.2018 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| | | ഭാഗം-1 |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2. | വാർഷിക ധനകാര്യ പത്രിക. |
| 3 | 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം. |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തൊഴിലുറപ്പ് പദ്ധതി. |
| 8 | 1-8 | ക്ഷേമ പദ്ധതികൾ |
| 9 | 1-9 | ക്യാഷ് പരിശോധന. |
| 10 | 1-10 | ആഭ്യന്തര നിയന്ത്രണം. |

| | | |
|---|---|---|
| 11 | 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 12 | 1-12 | വാർഷിക കണക്കുകളിലെ അപാകതകൾ |
| ഭാഗം-2 | | |
| 13 | 2-1 | വസ്തു നികുതി ഇനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു.- ₹ 6697,120/- |
| 14 | 2-2 | രസീത് പിരിവ് -തുക ഒടുക്കിയില്ല. |
| 15 | 2-3 | ഗുരുതര ചട്ടലംഘനങ്ങളെ അവഗണിച്ച് നികുതി നിർണയിച്ച് ഒക്യുപൻസി നൽകി |
| ഭാഗം-3 | | |
| 16 | 3-1 | ടൂറിസം മേഖലയെ പരിപോഷിപ്പിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 17 | 3-2 | എസ്.സി/ എസ്.ടി. വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം -വാങ്ങിയ ലാപ് ടോപ്പുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല. |
| 18 | 3-3 | വെറ്റിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല |
| 19 | 3-4 | ചുമതലയില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിച്ച് നല്കി |
| 20 | 3-5 | സർക്കാർ മാനദണ്ഡം ലംഘിച്ച് ആനുകൂല്യം വിതരണം ചെയ്തു |
| 21 | 3-6 | സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതി നടപ്പാക്കി |
| 22 | 3-7 | എച്ച്.എം.സി. - വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 23 | 3-8 | ആസ്തിരജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല. |
| 24 | 3-9 | കന്നുകുട്ടി പരിപാലനം -നാളിതുവരെ പദ്ധതി ആരംഭിച്ചില്ല |
| 25 | 3-10 | ഹോമിയോ മെഡിക്കൽ ഓഫീസർ- ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. |
| 26 | 3-11 | സ്ഥിര നിക്ഷേപ പലിശ കറണ്ട് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നു.പൂർണ്ണമായി അക്കൗണ്ടിൽ വരവ് വെയ്ക്കുന്നില്ല. |
| 27 | 3-12 | പദ്ധതി പൂർത്തികരിച്ചില്ല. |
| 28 | 3-13 | പാലിയേറ്റീവ് കെയർ- മരുന്ന് പൂർണമായി ലഭിച്ചില്ല |
| 29 | 3-14 | അംഗൻവാടി പോഷകാഹാര വിതരണം-രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല |
| 30 | 3-15 | കുടുംബശ്രീ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ് |
| 31 | 3-16 | വൻതുക ലാപ്സായിരിക്കുന്നു |
| 32 | 3-17 | നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് പട്ടുത വാങ്ങിയത്-ടെണ്ടർ നടപടികൾ |

| | | |
|---|---|---|
| | | ക്രമവിരുദ്ധം |
| 33 | 3-18 | വികലാംഗർക്ക് സ്വയം തൊഴിൽ സംരഭം -പദ്ധതി നടത്തിപ്പിലെ അപാകതകൾ |
| 34 | 3-19 | ഇ.എം.എസ് ഭവന പദ്ധതി-ഗുണഭോക്താക്കളുടെ അധിക വിഹിതം-ഒരു ഗുണഭോക്താവിന് രണ്ടു പ്രാവശ്യം തുക നൽകി |
| ഭാഗം-4 | | |
| 35 | 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 36 | 4-2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 37 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 38 | 4-4 | വായ്പ / വായ്പാതിരിച്ചടവ് |
| 39 | 4-5 | സ്ഥിര നിക്ഷേപം |
| 40 | 4-6 | ഓഡിറ്റ് റിക്കവറി |
| 41 | 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 42 | 4-8 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം |
| 43 | 4-9 | ഓഡിറ്റ് പ്രത്യവലോകനം. |
| 44 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 45 | അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 46 | അനുബന്ധം-2 | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക,<br>രസീറ്റ് & പേമെന്റ് പത്രിക,<br>ബാലൻസ് ഷീറ്റ്- സംക്ഷിപ്തം (പകർപ്പ്) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

28.03.2017 ലെ 2-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് തുക ₹360209246/-യും ആകെ ചെലവ് തുക ₹342168500/-ആണ്.ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടില്ല.

യാഥാർത്ഥ്യവുമായി യാതൊരു ബന്ധവുമില്ലാത്ത ബജറ്റാണ് തൻവർഷം അംഗീകരിച്ചിരിക്കുന്നത്.ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് കണക്കുകളും യഥാർത്ഥ വരവ് ചെലവ് കണക്കും താഴെ ചേർക്കുന്നു.

| ബജറ്റ് പ്രകാരം വരവ് | യഥാർത്ഥ വരവ് | വരവ് ശതമാനം | ബജറ്റ് പ്രകാരം ചെലവ് | യഥാർത്ഥ ചെലവ് | യഥാർത്ഥ ചെലവ് ശതമാനം |
|---|---|---|---|---|---|
| 360209246 | 97200578 | 26.98 | 342168500 | 90331830 | 26.39 |

യഥാർത്ഥ്യത്തെക്കാൾ ഏകദേശം 75% ഉയർന്നതാണ് ബജറ്റ് പ്രകാരമുള്ള വരവ് ചെലവുകൾ. ആയതിൽ നിന്ന് ബജറ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് എത്രമാത്രം അലംഭാവം പുലർത്തുന്നു എന്ന് വ്യക്തമാകുന്നു. വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നില്ല.

## 1-2. വാർഷിക ധനകാര്യ പത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകതപരിഹരിച്ച് തിരിച്ചയച്ച തീയതി. |
|---|---|---|---|
| 31.07.2018 | 22.06.18 | - | - |

പഞ്ചായത്ത് കമ്മറ്റിയുടെ 28.05.2018 ലെ 10/1നമ്പർ തീരുമാന പ്രകാരം വാർഷികകണക്ക് അംഗീകരിച്ചു.

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി. | സർട്ടിഫിക്കറ്റ് നം. തീയതി. |
|---|---|---|
| 2017-18 | 22.06.18 - 23.06.18 | കെ.എസ്.എ.ഐ.ഡി.കെ<br>3/627/2018(50)/<br>തീ.29.08.2018 |

## 1-4 സാമ്പത്തിക വിശകലനം.

| | |
|---|---|
| മുന്നിരുപ്പ് | ₹26409750.00 |
| വരവ് | ₹97200578.00 |
| ആകെ | ₹123610328.00 |
| ചെലവ് | ₹90331830.00 |
| നീക്കിയിരുപ്പ് | ₹33278498.00 |

## 1-5 ഫണ്ട് വിനിയോഗം

പഞ്ചായത്തിൽ ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിലുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ്. |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 28611000 | 28611000 | 19379127 | 9231873 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3033147 | 3033147 | 1500900 | 1532247 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 9011338 | 9011338 | 7958553 | 1052785 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 12287000 | 12287000 | 9537384 | 2749616 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 5823000 | 5823000 | 5818332 | 4668 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 13477213 | 13477213 | 13477213 | - |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 0 | 10366000 | 10366000 | 4423375 | 5942625 |
| ബി.ഫണ്ട്. | | 0 | 40431620 | 40431620 | 40431620 | 0 |
| ദുരിതാശ്വാസനിധി | | 0 | 38000 | 38000 | 0 | 38000 |
| മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | ഭരണപരമായ ചെലവുകൾ | 634878 | 2014040 | 2648918 | 2065064 | 583854 |
| | സാധനങ്ങളുടെ വില | 0 | 6080431 | 6080431 | 6080431 | 0 |
| | തൊഴിലാളികളുടെകൂലി. | 0 | 76189625 | 76189625 | 76189625 | 0 |
| മറ്റ് കേന്ദ്രാവിഷ്കൃതഫണ്ടുകൾ | സമ്പൂർണ്ണ ശുചിത്വം | 0 | 164500 | 164500 | 0 | 164500 |
| | ഐ.സി.ഡി.എസ്. | 3319579 | 1264188 | 4583767 | 3863158 | 720609 |
| | പശ്ചിമഘട്ടവികസനം | 1473532 | 13808 | 1487340 | 638228 | 849112 |
| | എസ്.എസ്.എ | 41220 | 1596 | 42816 | 0 | 42816 |
| മറ്റ് സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | സാക്ഷരത | 1575 | 39 | 1614 | 0 | 1614 |
| | മറ്റ് വകുപ്പുകളിൽ നിന്നുള്ള ഫണ്ട് | 0 | 220000 | 220000 | 0 | 220000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | | 0 | 1200000 | 1200000 | 1200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം. | | 216000 | 1300000 | 1516000 | 766000 | 750000 |
| തനത്ഫണ്ട് | കയ്യിരുപ്പ് | 33722 | | | | 744740 |

| | | | | | | |
|---|---|---|---|---|---|---|
| | ബാങ്ക്. | 2298705 | 11782772 | 14081477 | 8794150 | 5287327 |
| ഗുണഭോക്തൃവിഹിതം | | 399939 | 708700 | 1108639 | 561439 | 547200 |
| ജവഹർ | | 0 | 1000 | 1000 | 0 | 1000 |
| ഡെപ്പോസിറ്റ് | | 2223303 | 633626 | 2856929 | 731095 | 2125834 |
| ആശ്രയ ഫണ്ട് | | 781000 | 666667 | 1447667 | 1447667 | 0 |
| ലൈഫ് പദ്ധതി | | 0 | 740000 | 740000 | 340000 | 400000 |
| എം.എൽ.എ ഫണ്ട് | | 12019 | 249786 | 261805 | 248965 | 12840 |
| വിമുക്തി | | 25000 | 0 | 25000 | 0 | 25000 |
| ട്രഷറി TSB | | 14044156 | 1138960 | 15183116 | 1350672 | 13832444 |
| ജലനിധി | | 905122 | 1770119 | 2675241 | 1686258 | 988983 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 300 | 133898413 | 197 | 60793137 | - | 103 | 65.66 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

- ഇല്ല -

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ചെലവ് വിവരം

| ക്രമ നം. | നിർവ്വഹണ ഉദ്യോഗസ്ഥൻ | വകയിരുത്തിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവ് % |
|---|---|---|---|---|
| 1 | സെക്രട്ടറി | 14441737 | 7742365 | 53.6 |
| 2 | കൃഷി ഓഫീസർ | 1915533 | 596800 | 31.1 |
| 3 | വെറ്റിനററി സർജൻ | 3340000 | 1860000 | 55.68 |
| 4 | മെഡിക്കൽ ഓഫീസർ (ആരോഗ്യം) | 1700000 | 1479182 | 87 |

| | | | | |
|---|---|---|---|---|
| 5 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 800000 | 800000 | 100 |
| 6 | ഗ്രാമസേവകൻ | 23617000 | 3765000 | 15.9 |
| 7 | അസി. എഞ്ചിനീയർ | 64556441 | 29587835 | 45.83 |
| 8 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 7949343 | 5687112 | 71.54 |
| 9 | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 3200000 | 3134423 | 97.95 |
| 10 | ഹെഡ് മാസ്റ്റർ | 729100 | 217620 | 29.84 |
| 11 | അസി.സെക്രട്ടറി | 11149259 | 5422980 | 48.63 |
| | ആകെ | 133898413 | 60793137 | 45.4 |

## 1-7 തൊഴിലുറപ്പ് പദ്ധതി.

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവ് | 634878 | 2014040 | 2648918 | 2065064 | 583854 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത്. | 0 | 82270056 | 82270056 | 82270056 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻ വർഷം നടപ്പാക്കിയ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 14520 | 25 |
| കർഷക തൊഴിലാളി പെൻഷൻ | 6171600 | 2040 |
| വിധവാപെൻഷൻ | 9386100 | 3095 |
| വാർധക്യ കാല പെൻഷൻ | 21333100 | 6216 |
| വികലാംഗ പെൻഷൻ | 3283300 | 1070 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 243000 | 79 |

## 1-9 ക്യാഷ് പരിശോധന.

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.12.2018

3.പി.എം-ന് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹8429/-യുടെ ക്യാഷ് ബാലൻസ് ബോദ്ധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം.

അക്കൗണ്ടിംഗ് സമ്പ്രദായം

വാർഷികകണക്കിൽ പഞ്ചായത്തിന്റെ ശരിയായ വരവ്-ചെലവുകൾ പ്രതിഫലിക്കുന്നില്ല. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. രസീത് പ്രകാരം പിരിച്ചെടുക്കുന്ന തുകകൾ കൃത്യമായി ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്നു. പിരിച്ചെടുക്കുന്നതുകകൾ കൃത്യമായി പരിശോധിച്ച് കൈപ്പറ്റി ബാങ്കിൽ ഒടുക്കുന്നതിനായി ക്യാഷ്യറുടെ ചുമതല നിർവ്വഹിക്കുന്നില്ല.

രജിസ്റ്ററുകളുടെ സൂക്ഷിപ്പ്

കമ്പ്യൂട്ടറുകൾക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ലോൺരജിസ്റ്റർ ,മുൻകൂർ രജിസ്റ്റർ എന്നിവയൊന്നും യഥാവിധി രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല.

ഫ്രണ്ട് ഓഫീസ് സംവിധാനം.

ഫ്രണ്ട് ഓഫീസ് സംവിധാനം ഫലപ്രദമാണ്.ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിക്കുകയും ജീവനക്കാർക്ക് യഥാസമയം തപാലുകൾ കൈമാറുകയും ചെയ്യുന്നുണ്ട്. എന്നാൽ ക്ലറിക്കൽ തസ്തികയിൽ ജോലിചെയ്യുന്ന 7 ജീവനക്കാരും പേഴ്സണൽ രജിസ്റ്റർ എഴുതുന്നില്ല. ആയതിനാൽ ജനങ്ങൾക്ക് സേവനം യഥാസമയം ലഭിപ്പിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കാൻ സാധിക്കുന്നില്ല.

ജീവനക്കാരുടെ നിരന്തരമായ സ്ഥലം മാറ്റം പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നു

വിവിധ തസ്തികയിലെ ജീവനക്കാരുടെ നിരന്തരമായ സ്ഥലം മാറ്റം പഞ്ചായത്തിന്റെ പ്രവർത്തനങ്ങളെ കാര്യമായി ബാധിക്കുന്നുണ്ട്. സെക്രട്ടറി തസ്തികയിൽ 2017-18 കാലയളവിൽ മൂന്നുപേർ മാറി മാറി വന്നിരിക്കുന്നു. സെക്രട്ടറിമാർ അവധിയിൽ പ്രവേശിക്കുന്നതായും കാണുന്നു. അസി.സെക്രട്ടറി തസ്തികയിൽ ഈ കാലയളിൽ 5 പേർ മാറി മാറി വന്നിരിക്കുന്നു. ഈ കാലയളവിനുള്ളിൽ 08.06.2017മുതൽ 26.06.2017 വരെയും 29.06.2017 മുതൽ 31.07.2017 വരെയും അസി. സെക്രട്ടറി ലീവിലായിരുന്നു എന്നതും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഹെഡ്ക്ലാർക്ക് തസ്തികയിൽ 2 പേരാണ് ഈ കാലയളവിലുണ്ടായിരുന്നത്. 3 മാസം 11 ദിവസം ഈ തസ്തിക ഒഴിഞ്ഞുകിടക്കുകയായിരുന്നു. 2018 മാർച്ചിന് ശേഷം മാത്രം ഈ തസ്തികയിൽ 3 പേർ മാറി മാറിവന്നിരിക്കുന്നു. നിലവിൽ ഈ തസ്തിക ഒഴിഞ്ഞുകിടക്കുകയുമാണ്. ഇതുപോലെതന്നെയാണ് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ കാര്യവും. കൃഷി ഓഫീസർ തസ്തികയിൽ 5 പേരും, ഹോമിയോ മെഡിക്കൽ ഓഫീസർ തസ്തികയിൽ 4 പേരും ആയുർവ്വേദ മെഡിക്കൽ ഓഫീസർ തസ്തികയിൽ 3 പേരും ഇക്കാലയളവിൽ ഉണ്ടായിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ സാമൂഹികവും സാമ്പത്തികവുമായ സമഗ്രവികസനത്തെ ലക്ഷ്യം വെച്ച് പ്രവർത്തിക്കുന്ന ഒരു ഭരണസമിതിയും നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് ഭരണസമിതിയുടെ ലക്ഷ്യം കൈവരിക്കാൻ സഹായിക്കുന്ന നിർവ്വഹണ സംവിധാനവും ഗ്രാമപഞ്ചായത്തിൽ ആവശ്യമാണ്.

മോണിട്ടറിംഗ് സമിതി റിപ്പോർട്ട്

അസി.എൻജിനീയർ നടപ്പാക്കുന്ന പ്രവൃത്തികൾക്ക് മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇല്ലാതെ എൻജിനീയർ തയ്യാറാക്കിയ അളവിനെ മാത്രം അടിസ്ഥാനമാക്കിയാണ് ചെലവുകൾ നടത്തിയിരിക്കുന്നത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാളയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.11.18&15.11.18 | 10/2018 | 15.12.18 |
| അക്കൗണ്ടന്റ് ജനറൽ | 21.4.14 | 2013-14 | 2.8.14 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

2017-18 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. സഞ്ചയയിലെ വസ്തു നികുതി തുക വാർഷിക കണക്കുകളിലെ വസ്തു നികുതി തുകയുമായി പൊരുത്തപ്പെടുന്നല്ല.
2. വസ്തു നികുതി കുടിശികയ്ക്ക് പ്രൊവിഷൻ ഉൾപ്പെടുത്തിയിട്ടില്ല.
3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. വാടക ഇനത്തിലുള്ള തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. കാലാവധി കഴിഞ്ഞ ചെക്കുകൾ "Liability in respect of stale cheque" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല.
6. അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല.
7. ലോൺ രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.
8. ബാലൻസ് ഷീറ്റിൽ(B-9)ഉൾപ്പെട്ടിട്ടുള്ള Scheduled Bank-Own Fund-6 എന്ന അക്കൗണ്ടിൽ ₹15278/-നീക്കിയിരുപ്പുണ്ട്.ഈ അക്കൗണ്ടിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.
9. ബാലൻസ് ഷീറ്റിൽ "StateGovt Cesses/levies in property tax"(library cess) തെറ്റായി ഉൾപ്പെടുത്തിയിരിക്കുന്നു.
10. ബാലൻസ് ഷീറ്റിൽ (B-4)ലൈഫ് പദ്ധതിക്കായി ലഭിച്ച ₹740000/- യും ചെലവാകാതെ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. എന്നാൽ യഥാർത്ഥ നീക്കിയിരുപ്പ് തുക ₹400000/-യാണ്.
11. ബാലൻസ് ഷീറ്റിൽ ബ്ലോക്ക് പഞ്ചായത്ത് നീക്കിയിരുപ്പ് തുകയായി രേഖപ്പെടുത്തിയിരിക്കുന്നത് ₹700000/-യാണ്.എന്നാൽ യഥാർത്ഥത്തിലുള്ള നീക്കിയിരുപ്പ് ₹750000/-യാണ്.
12. എം.എൽ.എ ഫണ്ടിനത്തിൽ ₹50041/-നീക്കിയിരുപ്പുള്ളതായി ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും യഥാർത്ഥ നീക്കിയിരുപ്പ് തുക ₹12840/-യാണ്.
13. പശ്ചിമ ഘട്ട വികസന പദ്ധതി-യഥാർത്ഥ നീക്കിയിരുപ്പ് തുക ₹849112/-യാണെങ്കിലും ബാലൻസ് ഷീറ്റിൽ നീക്കിയിരുപ്പായി കാണിച്ചിരിക്കുന്നത് ₹723946/-യാണ്.

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി ഇനത്തിൽ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു. -₹ 6697,120/-

2017-18 വർഷത്തിൽ വസ്തു നികുതി ഇനത്തിൽ, കുടിശ്ശിക ഉൾപ്പടെ വൻ തുക പിരിച്ചെടുക്കാനവശേഷിക്കുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | |
|---|---|
| പാർപ്പിടാവശ്യത്തിനുള്ളത്(തൻ വർഷം) | 429,901 |
| പാർപ്പിടാവശ്യത്തിനുള്ളത്(കുടിശ്ശിക) | 2063,449 |
| പാർപ്പിടേതര ആവശ്യത്തനുള്ളത്(തൻവർഷം) | 509,564 |

| | |
|---|---|
| പാർപ്പിടേതര ആവശ്യത്തനുള്ളത്(കുടിശ്ശിക) | 3694,206 |
| ആകെ | 6697120 |

വസ്തു നികുതി കാലഹരണപ്പെട്ടു പോകാതെ അടിയന്തിരമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 രസീത് പിരിവ് തുക യഥാസമയം ഒടുക്കിയില്ല.

മാന്വൽ രസീത് നമ്പർ 15410/1/13.09.2017 ൽ ഈടാക്കിയ ₹867/-,രസീത് നമ്പർ 18374/48/ 31.03.2018ലെ ₹51/- എന്നിവ യഥാസമയം ഒടുക്കിയില്ല. ഓഡിറ്റ് പരിശോധനയിൽ സൂചിപ്പിച്ചതനുസരിച്ച് ഇവ യഥാക്രമം സാംഖ്യ രസീത് നമ്പർ 11804103865/11-12-2108, രസീത് നമ്പർ 11804103863/11-12-2018 എന്നിവ പ്രകാരമാണ് അടവാക്കിയിരിക്കുന്നത്. പിരിവ് തുക യഥാസമയം ഒടുക്കുവരുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഗുരുതര ചട്ടലംഘനങ്ങളെ അവഗണിച്ച് നികുതി നിർണയിച്ച് ഒക്യുപൻസി നല്കി

ഓഡിറ്റ് വർഷത്തിൽ ഡിജിറ്റലായി ഒപ്പിട്ട് നികുതി നിർണയിച്ച് ഒക്യുപൻസി നല്കിയ കെട്ടിടത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വിശദാംശങ്ങൾ: | | |
|---|---|---|
| ഉടമസ്ഥൻ | ജെൽസി ബോബി തോമ്പ്രയിൽ | |
| നല്കിയ കെട്ടിട നം. | V/418(A-I)<br>Ground Floor-4, First Floor-4 , Second Floor-1 (ആകെ 9 എണ്ണം) | |
| തീയതി | 11-04-2017 | |
| ഉപയോഗ ക്രമം | F-വാണിജ്യം & A1 Residential | |
| കംപ്ലീഷൻ പ്ലാൻ പ്രകാരം അളവ് | പ്ലിന്ത് | കാർപറ്റ് |
| Ground floor | 59.47m2 | 47.57m2 |
| First floor | 79.8m2 | 63.84m2 |
| Second floor | 79.8m2 | 63.84m2 |
| | 219.07m2 | 175.25m2 |
| പ്ലോട്ട് അളവ് | 130m2 | |

മേൽ കെട്ടിടത്തിന്റെ തൽ സ്ഥിതി ഭൗതികമായി പരിശോധിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| പെർമിറ്റ് സംബന്ധിച്ചുള്ള അപാകതകൾ |
|---|

| | |
|---|---|
| 1 | First Floor , Second Floor മുറികൾ നിലവിൽ പണി പൂർത്തിയായിട്ടില്ല(ചിത്രം കണ്ടാലും). |
| 2 | കംപ്ലീഷൻ പ്ലാനിൽ കെട്ടിടത്തിന്റെ കിഴക്ക് ഭാഗത്ത് സെറ്റ് ബാക്ക്(1.4m) ഉണ്ടെങ്കിലും ആയത് സ്ഥലത്ത് നല്കിയിട്ടില്ല. സ്ഥലത്തിന്റെ അതിരുകൾ വ്യക്തമല്ലാത്തതിനാൽ പടിഞ്ഞാറ്, തെക്ക് ഭാഗങ്ങളിലെ സെറ്റ് ബാക്കിന്റെ കൃത്യത ഉറപ്പാക്കാനായില്ല. രണ്ട് വശത്തും പ്ലാനിൽ കാണുന്നതിലും കുറഞ്ഞ അളവിൽ മറ്റ് കെട്ടിടങ്ങൾ ചേർന്ന് കാണുന്നു. കംപ്ലീഷൻ പ്ലാൻ പ്രകാരം,റോഡിൽ നിന്ന് കെട്ടിടത്തിലേയ്ക്കുള്ള അകലം 5 മീറ്ററാണെങ്കിലും യഥാർത്ഥത്തിൽ ആയത് 3 മീറ്റർ മാത്രമാണ്. |
| 3 | സെറ്റ് ബാക്ക് കുറയുമ്പോൾ കെട്ടിടത്തിന്റെ പ്ലിന്ത്, കാർപറ്റ് അളവുകൾ വർദ്ധിക്കുകയും തന്മൂലം കവറേജ് അധികരിക്കുകയും ചെയ്യുന്നു. |
| 4 | പ്ലാനിലെ കാർപെറ്റ് വിസ്തീർണ്ണപ്രകാരം സ്ഥലത്ത് നാല് കാർ പാർക്കിംഗ് സജ്ജമാക്കേണ്ടതാണ്.<br><br>(വാണിജ്യം 111.41m- ന് രണ്ട് + പാർപ്പിടം 63.84m-ന് ഒന്ന് എന്ന രീതിയിൽ കണക്കാക്കുമ്പോൾ ആകെ വേണ്ടത് മൂന്ന് കാർ പാർക്കിംഗ് ആണ്. കാറ്റഗറി II പഞ്ചായത്ത് ആയതിനാൽ മേൽ കണക്കാക്കിയതിന്റെ 75%=>3x75/100=>2.25=>3, ചട്ടം 104(5) പ്രകാരം അംഗപരിമിതർക്ക് ഒന്ന്). പ്ലാനിൽ,കെട്ടിടത്തിന്റെ ഉമ്മറത്ത് രണ്ട് കാർ പാർക്കിംഗ് കാണിച്ചിട്ടുണ്ട്. ആയത് സ്ഥലത്ത് ഇല്ല. സെറ്റ് ബാക്കിന് നൽകേണ്ട അളവ് ഒഴിവാക്കി പരിഗണിക്കുമ്പോൾ ഇനിമേൽ കാർ പാർക്കിംഗ് സജ്ജമാക്കാനുള്ള സൗകര്യവും പ്ലോട്ടിലില്ല.<br><br>കാർ പാർക്കിംഗിന്റെ 25% സ്ഥലം ഇരുചക്ര വാഹന പാർക്കിംഗിനും സജ്ജമാക്കിയിട്ടില്ല. |
| 5 | (i)കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 47(1) (ബി) പ്രകാരം ഭൂനിരപ്പിനു മുകളിൽ രണ്ട് നിലകളിൽ കൂടുതലുള്ള പാർപ്പിടേതര ഗണത്തിൽപ്പെട്ട(ഗ്രൂപ്പ് A1 ഒഴികെയുള്ള) എല്ലാ കെട്ടിടങ്ങൾക്കും അഗ്നി ബാധയിൽ നിന്നു രക്ഷപെടാനുള്ള കോണിപ്പടി നിർബന്ധമാക്കിയിട്ടുണ്ട്. ആയത് കെട്ടിടത്തിന് പുറത്ത് മാത്രം സ്ഥാപിക്കേണ്ടതും നിലത്തേയ്ക്ക് നേരിട്ട് ബന്ധിക്കപ്പെട്ടതായിരിക്കേണ്ടതുമാണ് എന്ന് പ്രസ്തുത ചട്ടത്തിൽ സൂചിപ്പിക്കുന്നുണ്ട്.പ്രസ്തുത കോണിപ്പടി സ്ഥാപിച്ചിട്ടില്ല.<br><br>(ii)ചട്ടം 58(12) പ്രകാരം ഭൂനിരപ്പിൽ നിന്നും രണ്ടു നില കവിയുന്ന പാർക്കിംഗ് കെട്ടിടങ്ങളൊഴികെയുള്ള കച്ചവട, വാണിജ്യ, ഒക്യുപൻസിയിലെ കെട്ടിടങ്ങളുടെ സംഗതിയിൽ അഗ്നി ശമനസേനാ ഡയറക്ടറിൽ നിന്നോ അദ്ദേഹം ഇതിലേയ്ക്ക് അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥനിൽ നിന്നോ അംഗീകാരത്തിന്റെ ഒരു സാക്ഷ്യപത്രം കെട്ടിട നിർമ്മാണ പെർമ്മിറ്റ് ലഭിക്കുന്നതിന് വാങ്ങി ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥ ചെയ്തിട്ടുണ്ട്.പ്രസ്തുത സാക്ഷ്യപത്രം ലഭിച്ചിട്ടില്ല.<br><br>ചട്ടം 34(2)-ൽ പാർപ്പിട-പാർപ്പിടേതിര കൈവശങ്ങളിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾ ഇനം തിരിച്ച് രേഖപ്പെടുത്തിയിട്ടുണ്ട്.ഗ്രൂപ്പ് A1(പാർപ്പിട സ്ഥലം) മാത്രമാണ് പാർപ്പിട കൈവശ ഗണത്തിൽപെടുന്നത്. |

| | |
|---|---|
| | A2(ലോഡ്ജിംഗ് ഹൗസുകൾ) മുതൽ I(അപായസാദ്ധ്യതയുള്ളത്) വരെയുള്ള ഗ്രൂപ്പുകൾ പാർപ്പിടേതര കൈവശ ഗണത്തിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.പ്രസ്തുത ചട്ടത്തിന്റെ കുറിപ്പ് III-ൽ, ഒന്നിൽ കൂടുതൽ ഉപയോഗങ്ങൾക്ക് ഇടം കൊടുക്കുന്ന ഏതൊരു കെട്ടിടവും അതിന്റെ ഏറ്റവും നിയന്ത്രിതമായ ഗണത്തിൽ ഉൾപ്പെടുത്തേണ്ടതാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.ഇവിടുത്തെ സംഗതിയിൽ A1,F എന്നിവയിൽ F വാണിജ്യമാണ് നിയന്ത്രിത ഗണമായി വരുന്നത്. |
| 6 | ചട്ടം 104-ൽ പ്രതിപാദിച്ചിരിക്കുന്ന പ്രകാരം, ശാരീരിക അവശതയുള്ള വ്യക്തികൾക്കുവേണ്ടിയുള്ള വിശേഷാൽ വ്യവസ്ഥകൾ പാലിച്ചിട്ടില്ല. |




കെട്ടിട നിർമ്മാണ ചട്ടങ്ങൾ കർശനമായി പാലിക്കപ്പെടേണ്ടതുണ്ടെന്നും സാങ്കേതികത്വങ്ങൾ സംബന്ധിച്ചുള്ള ചില ഇളവുകൾ അനുവദിക്കാമെങ്കിലും പാർക്കിംഗ്, അഗ്നിസുരക്ഷ തുടങ്ങിയ നിർബന്ധ വ്യവസ്ഥകളിൽ വരുത്താനുദ്ദേശിച്ചുള്ളതല്ല ഈ ഇളവുകൾ എന്നും ബഹു.കേരള ഹൈക്കോടതിയുടെ ഉത്തരവ് (John Vs State of Kerala-2004) നിലനിൽക്കുമ്പോഴാണ് ഈ ചട്ടലംഘനങ്ങൾ നടക്കുന്നത്. മേൽ സൂചിത ഗുരുതര ചട്ടലംഘനങ്ങൾ നിലനിൽക്കുമ്പോൾ ഒക്യുപൻസി നല്കാൻ ശുപാർശ ചെയ്തത് അസി.എഞ്ചിനീയറുടെയും നിജസ്ഥിതി പരിശോധിക്കാതെ നികുതി നിർണയിച്ച് ഒക്യൂപൻസി നല്കിയത് സെക്രട്ടറിയുടെയും ഭാഗത്തുനിന്നുണ്ടായ കൃത്യവിലോപമാണ്. ഇവ നല്കാനുണ്ടായ സാഹചര്യം അന്വേഷണ വിധേയമാക്കേണ്ടതാണ്.

സെറ്റ് ബാക്ക്, കവറേജ്, പാർക്കിംഗ് എന്നിവയുടെ അപാകതകൾ 2018-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ്(അനധികൃത നിർമ്മാണ ക്രമവത്കരണം) ചട്ടങ്ങൾ പ്രകാരം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച്

വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

വസ്തുനികുതി നിർണയത്തിലെ അപാകതകൾ

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 2(f)- ൽ ചുമർകനം ഉൾപ്പെടുന്നതാണ് തറവിസ്തീർണമെന്ന് വ്യക്തമാക്കുന്നുണ്ട്.ഒഴിവാക്കണമെന്ന് പ്രസ്തുത ചട്ടങ്ങളിൽ നിർദ്ദേശിക്കുന്നതുപോലെയുള്ള ഭാഗങ്ങൾ ഈ കെട്ടിടത്തിലില്ല. Ground Floor -ന്റെ പ്ലിന്ത് 59.47m2ആണെങ്കിലും വസ്തുനികുതി ചുമത്തിയിരിക്കുന്നത് 35.44m2-ന് മാത്രമാണ്.First Floor -ന്റെ പ്ലിന്ത് 79.8m2 ആണെങ്കിലും വസ്തുനികുതി ചുമത്തിയിരിക്കുന്നത് 35.52m2-ന് മാത്രമാണ്. പ്രസ്തുത നിലകളുടെ പ്ലാൻ പ്രകാരമുള്ള കാർപെറ്റ് വിസ്തീർണം പോലും നികുതി നിർണയത്തിന് പരിഗണിച്ചില്ലെന്നത് തികച്ചും ഗൗരവകരമായ തെറ്റാണ്. അളവ് പൂർണമായി ഉൾപ്പെടുത്തി നികുതി നിർണയിക്കാത്തതിനാൽ പഞ്ചായത്തിന് നികുതി നഷ്ടം ഉണ്ടാകുന്നു.

സെറ്റ് ബാക്ക് കുറയുമ്പോൾ കെട്ടിടത്തിന്റെ പ്ലിന്ത്, കാർപറ്റ് അളവുകൾ വർദ്ധിക്കുകയും തന്മൂലം വസ്തുനികുതിയിൽ വീണ്ടും വർദ്ധനവ് ഉണ്ടാവുന്നു.

അളവ് പൂർണമായി ഉൾപ്പെടുത്തി നികുതി പുനർനിർണയിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ടൂറിസം മേഖലയെ പരിപോഷിപ്പിക്കൽ - പദ്ധതി നടത്തിപ്പിലെ അപാകതകൾ -തടസ്സം 407934

| | |
|---|---|
| നിർവ്വഹണം | സെക്രട്ടറി |
| പദ്ധതി നം | 82/18 |
| അടങ്കൽ | ₹500000/- |
| ബിൽ നം | 47/17-18 തീ.28.03.2018 ₹407934 |

പഞ്ചായത്തിന്റെ പ്രവേശന കവാടങ്ങളിലും ടൂറിസം കേന്ദ്രങ്ങളിലും ബോർഡുകൾ സ്ഥാപിക്കുന്നതിനും ടൂറിസം ആവശ്യത്തിനായി വെബ്സൈറ്റ് ഹോസ്റ്റ് ചെയ്യുന്നതിനും ടൂറിസ്റ്റ് കേന്ദ്രങ്ങൾ സംബന്ധിച്ച ബ്രോഷർ തയ്യാറാക്കുന്നതിനുമായി ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതിയുടെ നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

1. മുന്നൊരുക്കവും പഠനവും ആവശ്യകതാ നിർണ്ണയവും നടത്താതെ പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നു.

19.10.2017 ലെ സി.4-247/17 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം 1 ഇഞ്ച് ജി.ഐ പൈപ്പ് 1 .5 ഇഞ്ച് ജി.ഐ സ്ക്വയർ പൈപ്പ് ഉപയോഗിച്ച് സ്റ്റാന്റ്, ഫ്രെയിം എന്നിവ നിർമ്മിച്ച് 6x4 അടി വലിപ്പമുള്ളതും 18 ഗേജ് മെറ്റൽ ഷീറ്റ് കൊണ്ട് നിർമ്മിച്ച് ബോർഡിൽ ഫ്ലൂറസന്റ് വിനൈൽ മൾട്ടികളർ ഡബിൾസൈഡ് പ്രിന്റിംഗ് നടത്തി സ്ഥാപിക്കുകയും

വെബ്സൈറ്റ് തുടങ്ങുകയും ബ്രോഷർ തയ്യാറാക്കുകയുമാണ് ചെയ്യേണ്ടത്. വെബ്സൈറ്റ് തുടങ്ങുകയും ബ്രോഷർ തയ്യാറാക്കുകയും ചെയ്യുന്നതിനുള്ള ₹100000/- ഉൾപ്പെടെ മേൽ ഇനങ്ങൾ ചെയ്യുന്നതിനുള്ള അടങ്കൽ തുക ₹400000/- ആണ്. അംഗീകാരം ലഭിച്ച പദ്ധതിയിലും ടെണ്ടർ നോട്ടീസിലും ബോർഡുകളുടേയും ബ്രോഷറിന്റെയും എണ്ണം സൂചിപ്പിക്കുന്നില്ല. കൂടാതെ എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗം പഞ്ചായത്തിൽ ഉണ്ടായിട്ടും ബോർഡുകളുടെ എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ടെണ്ടർ ക്ഷണിച്ചതും അംഗീകരിച്ചതും. ആയതിൽ നിന്നും ഇതുസംബന്ധിച്ച യാതൊരു മുന്നോരുക്കവും പഠനവും നടത്താതെയും ആവശ്യകതാ നിർണ്ണയം നടത്താതെയുമാണ് പദ്ധതി പ്രവർത്തനങ്ങൾ നടത്തിയിരിക്കുന്നത് എന്നും വ്യക്തമാകുന്നു. എന്നാൽ ലഭിച്ച 2 ടെണ്ടറുകളിലും 6x4 വലിപ്പമുള്ള 25 ബോർഡുകളും എണ്ണം രേഖപ്പെടുത്താത്ത ബ്രോഷറുകളും ഉൾപ്പെടുന്നു. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ഫ്രണ്ട്സ് ഓഫ് സെറ്റ്, ചെറുതോണി ഓരോ ഇനം തിരിച്ച് നിരക്കുകൾ രേഖപ്പെടുത്തുന്നതിന് പകരം 25 ബോർഡുകളും ബ്രോഷറുകളും (എണ്ണം രേഖപ്പെടുത്തിയിട്ടില്ല) വെബ്സൈറ്റും കൂടി ചെയ്യുന്നതിന് എസ്റ്റിമേറ്റിന്റെ 16.6% കുറവ് രേഖപ്പെടുത്തിയിരിക്കുന്നു. പദ്ധതിയിലോ, ടെണ്ടറിലോ, പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിലോ ഉൾപ്പെടാത്ത 25 എന്ന എണ്ണം രണ്ട് പേർക്കും ഒരുപോലെ എങ്ങനെ ലഭിച്ചു എന്ന കാര്യം വ്യക്തമല്ല.

<u>2. ടെണ്ടറുകൾ സമർപ്പിക്കാൻ ആവശ്യമായ സമയം അനുവദിച്ചില്ല.</u>

19.10.2017 ലെ സി.4-247/17 നമ്പർ ടെണ്ടർ നോട്ടീസ് പ്രകാരം 26.10.2017 ന് 2 pm ന് മുമ്പായി ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (ജി.ഒ.(പി) 259/2010 തസ്വഭവ 08.11.2010 )പ്രകാരം ടെണ്ടർ സമർപ്പണത്തിന് പരസ്യ തീയതി മുതൽ 21 ദിവസം അനുവദിക്കേണ്ടതാണ്.എന്നാൽ ഇതിന് വിരുദ്ധമായി ടെണ്ടർ സമർപ്പിക്കാൻ 7 ദിവസം മാത്രം അനുവദിച്ചിരിക്കുന്നു. ഇതുമൂലം വിപുലമായ രിതിയിൽ ടെണ്ടറുകൾലഭിക്കുന്നതിനുള്ള സാഹചര്യം ഒഴിവാകുകയും മത്സരസ്വഭാവം നഷ്ടപ്പെടുകയും ചെയ്തു. ഇതുമൂലം പഞ്ചാത്തിനുണ്ടായ നഷ്ടം നിർണ്ണയിക്കാൻ സാധിക്കുന്നതല്ല.

<u>3.അടങ്കൽ തുകയുടെ ചെലവ് വിശദാംശങ്ങൾ പദ്ധതിയിൽ ഉൾപെടുത്തിയിട്ടില്ല.</u>

ഈ പദ്ധതിക്കായി 5ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത് എങ്കിലും ഏതെക്കെ ഇനങ്ങൾക്ക് എത്ര തുക ചെലവഴിക്കണമെന്ന വിവരം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. ₹4 ലക്ഷത്തിന്റെ സാധനസേവനങ്ങൾ സമാഹരിക്കാൻ മാത്രമാണ് ടെണ്ടർ നടപടികൾ സ്വീകരിച്ചിരിക്കുന്നത്. അവശേഷിക്കുന്ന ₹1ലക്ഷം എന്തിനുവേണ്ടിയായിരുന്നു എന്ന കാര്യം വ്യക്തമല്ല. നാമമാത്രമായ തുക വാഹന വാടക ഇനത്തിൽ ചെലവഴിച്ചിരിക്കുന്നു.

<u>4.അംഗീകരിച്ച ടെണ്ടറിൽ നിന്നും വ്യത്യസ്തമായവ ചെയ്തിരിക്കുന്നു.</u>

പഞ്ചായത്ത് കമ്മറ്റിയുടെ 03.11.2017 ലെ 1-ാം നമ്പർ തീരുമാനപ്രകാരം ഫ്രണ്ട്സ് ഓഫ് സെറ്റ് ചെറുതോണിയുടെ ₹333600/- ന്റെ ടെണ്ടർ അംഗീകരിച്ചിരിക്കുന്നു.(4ലക്ഷത്തിന്റെ 16.6% കുറവ്).അംഗീകരിച്ച ടെണ്ടറിൽ 6x4 വലിപ്പമുള്ള 25 ബോർഡുകളും വെബ്സൈറ്റും എണ്ണം രേഖപ്പെടുത്താത്ത 170gm ആർട്ട് പേപ്പറിലുള്ള 6 ഫോൾഡിംഗ് ഉള്ളതുമായ മൾട്ടികളർ ബ്രോഷറുകളും ഉൾപ്പെടുന്നു. എന്നാൽ ഫ്രണ്ട്സ് ഓഫ് സെറ്റ് ചെറുതോണിയുടെ 23.03.2018 ലെ 80-ാം നമ്പർ ബിൽ പ്രകാരം മുകളിൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വലിപ്പത്തിലും എണ്ണത്തിലും വ്യത്യസ്തമായ ബോർഡുകളാണ് സ്ഥാപിച്ചിരിക്കുന്നത്. 6x4 വലിപ്പമുള്ള 23 ബോർഡുകൾ, 8x5 വലിപ്പമുള്ള 2 ബോർഡുകൾ 4x2 വലിപ്പമുള്ള 10

ബോർഡുകൾ സോഫ്റ്റ് വെയർ ഡവലപ്പ്മെന്റ്& വെബ്ഹോസ്റ്റിംഗ്, 130gm ബ്രോഷർ 10000 എണ്ണം, ടൂറിസം ഡോക്യുമെന്റേഷൻ എന്നീ ഇനങ്ങൾ നടത്തുകയും ഈ ഇനത്തിൽ ₹399705/- ആവശ്യപ്പെടുകയും മേൽ ബില്ല് പ്രകാരം മാറിയ തുകയിൽ നിന്ന് അനുവദിക്കുകയും ചെയ്തിരിക്കുന്നു. ടെണ്ടറിൽ എണ്ണം രേഖപ്പെടുത്താതെതന്നെ ബ്രോഷർ 10000 എണ്ണത്തിന് ₹44000/-യും ടെണ്ടറിൽ ഉൾപ്പടാത്ത 8x5 വലിപ്പമുള്ള 2 ബോർഡുകൾ 4x2 വലിപ്പമുള്ള 10 ബോർഡുകൾ ഡോക്യുമെന്റേഷൻ എന്നീ ഇനങ്ങൾക്ക് തുക അനുവദിച്ചത് അംഗീകൃതമായ ഏതെങ്കിലും നിരക്കിനെ അടിസ്ഥാനമാക്കിയല്ല. സ്ഥാപനം സമർപ്പിച്ച ബില്ലിനെ അടിസ്ഥാനമാക്കി മാത്രമാണ്.

5.<u>മോണിട്ടറിംഗ് നടത്തിയിട്ടില്ല.</u>

പ്രോജക്ട് പ്രകാരം പാർക്കുളം മേട് , മക്കുവള്ളി, കല്ലുമേക്കല്ല്, ഇഞ്ചവരക്കുത്ത്, പാംബ്ല, മീനുളിയാൻ പാറ എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പ്രവേശന കവാടങ്ങളിലാണ് സൂചനാ ബോർഡുകൾ സ്ഥാപിക്കേണ്ടത്. ഈ അഞ്ചു സ്ഥലങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിനായി 25 ബോർഡുകൾ അവശ്യമുണ്ടോ എന്ന് പഞ്ചായത്തുകമ്മറ്റിയോ വർക്കിംഗ് ഗ്രൂപ്പോ പരിശോധിച്ചിട്ടില്ല. കൂടാതെ ബിൽ പ്രകാരമുള്ള 35 ബോർഡുകളും സ്ഥാപിച്ചിട്ടുണ്ടോ എന്ന് മോണിട്ടറിംഗ് സമിതിയും ഉറപ്പാക്കിയിട്ടില്ല.

മേൽ അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നം 20/15.12.2018നൽകിയങ്കിലും മറുപടി ലഭ്യമാക്കിയില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്കായുള്ള ₹407934/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-2 <u>എസ്.സി/എസ്.ടി. വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം - വാങ്ങിയ ലാപ് ടോപ്പുകൾ പൂർണ്ണമായി വിതരണം നടത്തിയിട്ടില്ല.തടസ്സം ₹46180/-</u>

നിർവ്വഹണം -അസി. സെക്രട്ടറി.

| ക്രമ നം. | പദ്ധതിയുടെ വിവരം | ബിൽ നം./തീയതി/ തുക |
|---|---|---|
| 1 | എസ്.ടി. ബിരുദ,ബിരുദാനന്തര,പ്രൊഫഷണൽ വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം.പ്രോജക്ട് നം110/18 | 34/18 തീ. 31.03.2018 ₹ 277080/- |
| 2 | എസ്.സി.ബിരുദ,ബിരുദാനന്തര,പ്രൊഫഷണൽ വിദ്യാർഥികൾക്ക് ലാപ് ടോപ്പ് വിതരണം- പ്രോജക്ട് നം.106/18 | 33/18 തീ. 31.03.2018 ₹ 230900/- |

മേൽ പദ്ധതികൾ നടപ്പാക്കുന്നതിനാവശ്യമായ ലാപ് ടോപ്പുകൾ ടെണ്ടർ മുഖേന ഹൈ-ടെക് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിരിക്കുന്നത്. ക്രമനം 1 പ്രകാരമുള്ള പദ്ധതിക്കായി 12 ലാപ് ടോപ്പുകൾ വാങ്ങിയതിൽ 11 എണ്ണം മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത്. ക്രമനം 2 പ്രകാരമുള്ള പദ്ധതിക്കായി 10 ലാപ് ടോപ്പുകൾ വാങ്ങിയതിൽ 9 എണ്ണം മാത്രമാണ് വിതരണം നടത്തിയിരിക്കുന്നത് . പഞ്ചായത്തിന്റെ ജനറൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം വാങ്ങിയ 22 ലാപ് ടോപ്പുകളും അസി.സെക്രട്ടറി കൈപ്പറ്റിയിട്ടുണ്ട്. 2 ലാപ് ടോപ്പുകൾ വിതരണം നടത്താത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.12/13.12.2018നുള്ള മറുപടിയിൽ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടവർ യോഗ്യത ഉള്ളവർ അല്ലാത്തതിനാലാണ് വിതരണം നടത്താത്തത് എന്നും

ഈവർഷത്തെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി ആയവ ഉടൻ വിതരണം നടത്തുന്നതാണ് എന്നും അറിയിച്ചിരിക്കുന്നു.

ഈ രണ്ട് ലാപ് ടോപ്പിനായി ചെലവ് ചെയ്ത ₹23090 x2= 46180/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-3 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.തടസ്സം -10,60,000/-

| പദ്ധതി വിശദാംശങ്ങൾ | | | | നടപ്പാക്കിയത്/ ലഭ്യമാക്കിയത് | അപാകതകൾ | മേൽ സൂചിത |
|---|---|---|---|---|---|---|
| പദ്ധതിയുടെ പേര്, അടങ്കൽ | ബിൽ നം. തുക | നിർവ്വഹണം | ലക്ഷ്യം/പ്രവർത്തനം | | | |
| മുട്ടക്കോഴി വളർത്തൽ (221/18), വികസന ഫണ്ട് – 810000 ഗുണഭോക്തൃ വിഹിതം- 810000 ആകെ-1620000 | 3/2017-18/ 28-03-2018, 450000/- ഗുണഭോക്തൃ വിഹിതം- ചെക്ക് നം. 2095/31.03.18 450000 ആകെ- 900000 | വെറ്ററിനറി സർജൻ | ഗ്രാമ പഞ്ചായത്തിനെ സമ്പൂർണ മുട്ടഗ്രാമം ആക്കുന്നതിന്റെ ഭാഗമായി, 30 കോഴികൾ അടങ്ങുന്ന ഒരു യൂണിറ്റ് 540 പേർക്ക് വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന്റെ വില – ₹3000/- ഗുണഭോക്തൃ വിഹിതം - 1500 (50%) | വിതരണ രജിസ്റ്റർ എന്ന നിലയിൽ ലഭ്യമാക്കിയ രജിസ്റ്ററിൽ 300 പേരുടെ വിശദാംശങ്ങൾ കാണുന്നു | അംഗീകൃത രീതിയിൽ ഒരു ദിവസം പ്രായമായ കോഴിക്കുഞ്ഞു ങ്ങളെ ഹാച്ചറിയിൽ നിന്ന് എഗ്ഗർ നേഴ്സറി വാങ്ങിയതിന്റെ ബിൽ പകർപ്പ്, വാക്സിനേഷൻ സർട്ടിഫിക്കറ്റ്, എഗ്ഗർ നേഴ്സറിയിൽ നിന്ന് വെറ്ററിനറി സർജൻ വാങ്ങിയതിന്റെ ബിൽ പകർപ്പ് തുടങ്ങിയ വിശദാംശങ്ങൾ അടങ്ങിയ ഫയൽ പരിശോധനയ്ക്ക് ലഭിച്ചില്ല. | |
| ആടുവിതരണം(19/18), വികസന ഫണ്ട്(SCP)- 240000/- ഗുണഭോക്തൃ വിഹിതം- ₹80000/- ആകെ - ₹320000/- | 4/2017-18/ 28-03-2018, 120000/- ഗുണഭോക്തൃ വിഹിതം- ചെക്ക് നം. 2094/31.03.18 40000/- ആകെ- 160000/- | വെറ്ററിനറി സർജൻ | മൃഗപരിപാലനം നിത്യ തൊഴിലായിട്ടുള്ള 20 എസ്. സി. ഗുണഭോക്താക്കൾക്ക് ആടുവിതരണം ഗ്രാമ പഞ്ചായത്ത് വിഹിതം - രണ്ട് ആടുകൾക്ക് ₹12000/- ഗുണഭോക്തൃ | തുക അക്കൗണ്ടിൽ കൂടി കൈമാറിയെന്ന് സൂചിപ്പിക്കുന്ന പത്ത് പേരുടെ വിശദാംശങ്ങൾ കാണിക്കുന്ന ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്. | അപേക്ഷ, ആടിന്റെ വിതരണ-കൈപ്പറ്റ് രേഖകൾ എന്നിവ ഇല്ലാത്തതിനാൽ ഗുണഭോക്താക്കൾക്ക് ആടിനെ ലഭിച്ചെന്ന് ഉറപ്പാക്കാനായില്ല . പഞ്ചായത്ത് പ്രോക്യൂർമെന്റ് കമ്മറ്റിയുടെ അംഗീകാരത്തോടെ, വികസന | |

| | | | | | |
|---|---|---|---|---|---|
| | | | വിഹിതം-4000/- | | സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി ഡോക്ടർ കൺവീനറായും അഞ്ച് ഗുണഭോക്താക്കൾ അംഗങ്ങളായുമുള്ള കമ്മറ്റിയായിരിക്കണം മൃഗങ്ങളെ വാങ്ങേണ്ടത്. ഇക്കാര്യം ഉറപ്പാക്കുന്ന രേഖകളില്ല. |

രേഖകൾ ലഭ്യമാക്കാത്തതിനാൽ ₹10,60,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ അടിയന്തിരമായി ലഭ്യമാക്കാത്തപക്ഷം അപ്രകാരമുള്ള ചെലവുകൾ നടന്നിട്ടില്ലെന്ന് കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-4 ചുമതലയില്ലാത്ത പദ്ധതി നടപ്പാക്കുന്നതിന് തുക അനുവദിച്ച് നല്കി- തടസ്സം ₹200000/-

| | |
|---|---|
| പദ്ധതി | സഹായഹസ്തം- കിഡ്നി രോഗികൾക്ക് ധനസഹായം- വിഹിതം നൽകൽ (123/18) |
| അടങ്കൽ | ₹200000/- |
| ബിൽ വിശദാംശങ്ങൾ | 12/17-18/24-03-2018 ₹200000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

ഇടുക്കി ബ്ലോക്ക് പഞ്ചായത്ത് ഓഫീസറുടെ 26-05-2017- ലെ പി1-1060/2017 നമ്പർ കത്ത് പ്രകാരം സഹായഹസ്തം- കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നല്കുന്നതിനായി തൻവർഷം തുക നല്കണമെന്ന് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇതിലേയ്ക്ക് ഗ്രാമപഞ്ചായത്ത് വിഹിതമായി ₹200000/- വകയിരുത്തിയാണ് പദ്ധതി വിഭാവനം ചെയ്തത്.

കിഡ്നി രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുകയെന്നത് വ്യക്തിഗത ആനുകൂല്യമാണ്. സർക്കാർ പ്രത്യേക ഉത്തരവ് വഴി അനുവദിച്ചവ ഒഴികെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുകയെന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ ഉൾപ്പെടുന്നതല്ല. സൂചിത പദ്ധതിയ്ക്ക് അപ്രകാരമുള്ള അനുവാദം ലഭിച്ചതിന് ശേഷമാണ് ബ്ലോക്ക് പഞ്ചായത്ത് അത് നടപ്പാക്കുന്നതെന്ന് ഉറപ്പാക്കുന്ന രേഖകൾ ലഭ്യമെങ്കിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണെന്ന് സൂചിപ്പിച്ച്

എൻക്വയറി(നം.1) നല്കിയെങ്കിലും മറുപടി ലഭ്യമായില്ല. വ്യക്തിഗത ആനുകൂല്യം നല്കുകയെന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയാണെന്നിരിക്കെ പദ്ധതി നടപ്പാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിന് തുക അനുവദിച്ച് നല്കിയതുവഴി ഗ്രാമ പഞ്ചായത്ത് ഫണ്ട് ദുർവിനിയോഗം ചെയ്തിരിക്കുകയാണ്. ആയതിനാൽ ₹200000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 സർക്കാർ മാനദണ്ഡം ലംഘിച്ച് ആനുകൂല്യം വിതരണം ചെയ്തു-തടസ്സം-100000/-

| പദ്ധതി,നമ്പർ | അടങ്കൽ | ബിൽ നം. | തുക |
|---|---|---|---|
| നെൽകൃഷിക്ക് കൂലി ചെലവ്(20/18) | ,100,000 | 1/2017-18/12-03-2018 | 100000 |

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ മേൽ പദ്ധതി വ്യക്തിഗത പദ്ധതിയായതിനാൽ നാമമാത്ര കർഷകർക്കും ചെറുകിട കർഷകർക്കും മാത്രമാണ് മാനദണ്ഡങ്ങൾക്ക് വിധേയമായി ആനുകൂല്യം നല്കാവുന്നത്. കർഷകരുടെ സ്ഥലത്തിന്റെ ഉടമസ്ഥാവകാശം/ കൈവശാവകാശം ഉറപ്പാക്കണം എന്നതാണ് നടത്തിപ്പിലെ പ്രധാന മാനദണ്ഡം. രണ്ട് പേർ ഒഴികെ എല്ലാ ഗുണഭോക്താക്കൾക്കും സൂചിത രേഖകളില്ലാതെയാണ് ആനുകൂല്യം നല്കിയതെന്ന് ഫയൽ പരിശോധിച്ചപ്പോൾ വ്യക്തമായിട്ടുണ്ട്. ഇത് മേൽ സൂചിത മാനദണ്ഡത്തിന്റെ ലംഘനമാണ്.

സബ്സിഡി മാർഗ്ഗരേഖയിലെ (സ.ഉ.(എം.എസ്.)നമ്പർ 80/2017/തസ്വഭവ/03-04-2017) 2.3 വ്യവസ്ഥയിൽ, സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ പ്രതിപാദിക്കാത്ത വിധത്തിൽ ആനുകൂല്യം നല്കണമെങ്കിൽ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്നും അത് ലഭിച്ചതിന് ശേഷം മാത്രമേ പ്രൊജക്ട് തയ്യാറാക്കാവൂ എന്നും മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്നുണ്ട്.

സർക്കാർ മാനദണ്ഡം ലംഘിച്ച് ആനുകൂല്യം വിതരണം ചെയ്തതിനാൽ ₹1,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതി നടപ്പാക്കി-തടസ്സം ₹150,000/-

| | |
|---|---|
| പദ്ധതി | പകർച്ചവ്യാധി നിയന്ത്രണം(33/18)(ജനറൽ) |
| പദ്ധതി അടങ്കൽ | ₹1,50,000/- |
| ബിൽ നം. | 2/28.09.2017 ₹100000/-<br>5/30.01.2018 ₹50000/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ |

പകർച്ചവ്യാധി നിയന്ത്രണത്തിന്റെ ഭാഗമായി മെഡിക്കൽ ക്യാമ്പ്, ബോധവത്ക്കരണ പ്രവർത്തനങ്ങൾ, മരുന്ന് വാങ്ങൽ തുടങ്ങിയവയ്ക്ക് വേണ്ടിയാണ് തുക വകയിരുത്തിയത്. പ്രസ്തുത ക്യാമ്പ് പട്ടികവർഗ്ഗ സങ്കേതത്തിലല്ല നടപ്പാക്കിയത്.

സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ./തീയതി. 03.04.2017-ലെ താഴെ വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് മേൽ പദ്ധതി നടപ്പാക്കിയത്.

1. ഖണ്ഡിക 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവത്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ ആദരിക്കൽ തുടങ്ങിയവ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻ പാടില്ല

2. ഖണ്ഡിക 2.2 പ്രകാരം മാർഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാവൂ.

3. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.

4. ഖണ്ഡിക 12.4 ആരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ, മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.5) മറുപടി ലഭിച്ചിട്ടില്ല.

സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതി നടപ്പാക്കുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് ദുർവിനിയോഗം ചെയ്തിരിക്കുന്നു. ആയതിനാൽ ₹1,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-7 എച്ച്.എം.സി.-വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപെട്ടതാണ്. വകുപ്പ് 173(എ), 2010 ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ, ചട്ടം.3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (സി.എച്ച്.സി., ഹോമിയോ, ആയുർവ്വേദം(3)) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിനു കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

## 3-8 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല.

13.1.2010 ലെ സർക്കുലർ നമ്പർ 58608/ഡി.ബി 2/2009 ത.സ്വ.ഭവ പ്രകാരം ആസ്തിരജിസ്റ്ററുകൾ തദ്ദേശ

സ്വയംഭരണസ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷികധനകാര്യപത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തിരജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തിരജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തിരജിസ്റ്ററുകൾ നാളിതുവരെ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്.

## 3-9 <u>കന്നുകുട്ടി പരിപാലനം-നാളിതുവരെ പദ്ധതി ആരംഭിച്ചില്ല-തടസ്സം ₹6,00,000/-</u>

പ്രോജക്റ്റ് നമ്പർ- 18/18

നിർവ്വഹണം - വെറ്ററിനറി സർജൻ

ബിൽ നം 1/17-18/28.02.2018, ₹6,00,000/-

കന്നുകുട്ടി പരിപാലന പദ്ധതി 48 ഗുണഭോക്താക്കൾക്ക് വേണ്ടിയാണ് വിഭാവനം ചെയ്തത്.

54 ഗണഭോക്താക്കളുടെ ലിസ്റ്റ് ലഭിച്ചിരുന്നെങ്കിലും മുൻവർഷം ആനുകൂല്യം വാങ്ങിയിരുന്നവരാണ് അതിൽ പകുതിയും എന്നതിനാൽ ഗുണഭോക്തൃ ലിസ്റ്റ് തിരികെ നല്കിയെന്നും പിന്നീട് അവലോകന യോഗങ്ങളിൽ നിരവധി തവണ പ്രസ്തുത വിഷയം ഉന്നയിച്ചെങ്കിലും നാളിതുവരെ ലിസ്റ്റ് ലഭ്യമായില്ലെന്നും വെറ്ററിനറി സർജൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്.

ഇതേ ആവശ്യത്തിനായി ₹625000/- പിൻവലിച്ചെങ്കിലും പദ്ധതി ആരംഭിച്ചില്ലെന്ന് മുൻവർഷ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശമുണ്ട്. ഈയവസരത്തിൽ, മുൻവർഷം ഗുണഭോക്താക്കൾ ആനുകൂല്യം വാങ്ങിയിരുന്നുവെന്ന വെറ്ററിനറി സർജന്റെ മറുപടിയുടെ കൃത്യത പരിശോധിക്കേണ്ടതാണ്.

മേൽ പരാമർശിച്ച ബിൽ പ്രകാരം പിൻവലിച്ച തുക ₹600000/- മൃഗസംരക്ഷണ വകുപ്പ് ജില്ലാ ഓഫീസർക്ക് നല്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. യോഗ്യതയുള്ള ഗുണഭോക്താക്കൾ ഇല്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്ന് തുക തിരികെ ഈടാക്കി (മുൻ വർഷത്തെയും പരിശോധിക്കേണ്ടതാണ്) ഗവ. ഫണ്ടിൽ അടവാക്കേണ്ടതാണ്. ഭരണസമിതി ഇക്കാര്യത്തിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതാണ്. നാളിതുവരെ ടി പദ്ധതി ആരംഭിച്ചിട്ടില്ലാത്തതിനാൽ പിൻവലിച്ച ₹600000/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 <u>ഹോമിയോ മെഡിക്കൽ ഓഫീസർ- ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.</u>

ഹോമിയോ മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2017-18 വർഷം നടപ്പാക്കിയ ചുവടെ ചേർക്കുന്ന

പദ്ധതിയുടെ ഫയൽ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| പദ്ധതി | അടങ്കൽ | ചെലവ് തുക |
|---|---|---|
| ഹോമിയോ ആശുപത്രിയ്ക്ക് മരുന്നും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ(11/18) | ₹500000/- | ₹499820 |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (നം.22)മറുപടി ലഭിച്ചിട്ടില്ല. മേൽ സൂചിത ഫയലുകൾ അടിയന്തിരമായി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇവ ഇല്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-11 സ്ഥിര നിക്ഷേപ പലിശ കറണ്ട് അക്കൗണ്ടിലേയ്ക്ക് ക്രഡിറ്റ് ചെയ്യുന്നു. പൂർണ്ണമായി അക്കൗണ്ടിൽ വരവ് വെയ്ക്കുന്നില്ല.

ഇടുക്കി ജില്ലാ സഹകരണ ബാങ്കിന്റെ കഞ്ഞിക്കുഴി ശാഖയിലുള്ള ഗ്രാമപഞ്ചായത്തിനുള്ള രണ്ട് സ്ഥിരനിക്ഷേപങ്ങൾക്ക് വർഷങ്ങളായി ലഭിക്കുന്ന പലിശ സ്ഥിരനിക്ഷേപത്തിന്റെ കൂടെ ക്രഡിറ്റ് ചെയ്യുന്നില്ല എന്ന് സ്ഥിര നിക്ഷേപ രജിസ്റ്റർ, സർട്ടിഫിക്കറ്റുകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ബോദ്ധ്യപ്പെട്ടു. ബ്ലോക്ക്/ജില്ലാപഞ്ചായത്ത് വിഹിതങ്ങൾ നിക്ഷേപിക്കുന്നതിന് മാത്രം ഉപയോഗിക്കുന്നതും ഗ്രാമപഞ്ചായത്ത് മറ്റ് യാതൊരു ഇടപാടും നടത്താത്തതുമായ ഇതേ ബാങ്കിൽ തന്നെയുള്ള പലിശ രഹിത 1202712012000001 നമ്പർ കറണ്ട് അക്കൗണ്ടിലേയ്ക്ക് ഈ രണ്ട് സ്ഥിര നിക്ഷേപങ്ങളുടെയും പലിശ വർഷങ്ങളായി നിക്ഷേപിക്കുന്നു. ഈ തുകയുടെ കൃത്യത ആരും പരിശോധിക്കുന്നില്ല. സർട്ടിഫിക്കറ്റുകൾ പ്രകാരം ഇടുക്കി ജില്ലാ സഹകരണ ബാങ്കിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമനം | സർട്ടിക്കറ്റ് നം | നിക്ഷേപ തുക/ തീയതി. | അവസാനമായി പലിശ മുതലിനോട് കൂട്ടിയ തീയതിയും അന്നുള്ള തുകയും | 01.04.2017ലുള്ള സ്ഥിരനിക്ഷേപ തുക | 31.03.2018 ലുള്ള സ്ഥിരനിക്ഷേപ തുക | നിക്ഷേപ കാലാവധി |
|---|---|---|---|---|---|---|
| 1 | L.F 3 | 1000000/ 27.08.2008 | 27.08.2012/ ₹1421190 | 1421190 | 1421190 | 07.06.2014 മുതൽ 10 മാസം വീതം |
| 2 | L.F 5 | 500000/ 25.09.2011 | 8.11.2013/ ₹644235 | 644235 | 644235 | 27.08.2015 മുതൽ 24 മാസം |

ക്രമനം 1 ൽ 27.08.2012 ന ശേഷവും ക്രമനം 2 ൽ 08.11.2013 ന ശേഷവും സ്ഥിരനിക്ഷേപതുകയിൽ വർദ്ധനവ് വന്നിട്ടില്ല. മാത്രമല്ല 2017-18 വർഷം ഈ ഇനത്തിൽ കറണ്ട് അക്കൗണ്ടിൽ വരവ് വച്ച തുക ₹ 52258/- മാത്രമാണ്. ഇത് നാമമാത്രമായ തുകയാണ്. സ്ഥിര നിക്ഷേപപലിശ കറണ്ട് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതുമൂലം പഞ്ചായത്തിന് വൻ സാമ്പത്തിക നഷ്ടം വർഷം തോറും സംഭവിക്കുന്നു. മാത്രമല്ല പലിശ വരവിന്റെ കൃത്യത ആരും തന്നെ പരിശോധിച്ച് ഉറപ്പ് വരുത്തുന്നില്ല.ഇതുസംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം നം.13/13.12.2018 നുള്ള മറുപടിയിൽ ഈ വിഷയം കമ്മറ്റിയിൽ അവതരിപ്പിച്ച് ഉചിത നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിരിക്കുന്നു. തുടർ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് സാമ്പത്തിക നഷ്ടം ഒഴിവാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-12 പദ്ധതി പൂർത്തികരിച്ചില്ല-തടസ്സം ₹1554500/-

താഴെ പറയുന്ന പദ്ധതികൾ നാളിതുവരെയായി പൂർത്തീകരിച്ചിട്ടില്ല.

| പ്രോജക്ടിന്റെ പേര്,നം | ബിൽ നം ./ തീയതി/തുക | പണം സ്വീകരിച്ച വ്യക്തി/ ഏജൻസി | അക്കൗണ്ട് നം |
|---|---|---|---|
| സി.എച്ച്.സി കുഴൽ കിണർ 205/18 | 51/28.03.18-₹100000/- | ഭൂജലവകുപ്പ് | 710051400000026 |
| ചേലച്ചുവട് ആയുർവേദാശുപത്രി കുഴൽ കിണർ നിർമ്മാണം- സർവ്വേ ചാർജ്ജ് 207/18 | 35/12.02.18-₹1750/- | ഭൂജലവകുപ്പ് | 710051400000026 |
| വൈദ്യുതി പോസ്റ്റ് മാറ്റൽ 325/18 | 39/28.02.18-₹809000/- | കെ.എസ്.ഇ. ബി. ലിമിറ്റഡ് | 67123785414 |
| സോഷ്യൽ സെക്യൂരിറ്റി വിഹിതം. | 11/11.10.2017-₹500000 | സോഷ്യൽ സെക്യൂരിറ്റി മിഷൻ | 701011400000134 |
| പി.എം.എ. വൈ വിഹിതം | 43/23.03.18-₹100000 | സെക്രട്ടറി ബ്ലോക്ക് പഞ്ചായത്ത് ഇടുക്കി. | 7100661400000043 |
| തുല്യത | 27/31.01.18-₹43750/- | സംസ്ഥാന സാക്ഷരതാ മിഷൻ | 57026996123 |
| ആകെ | ₹1554500/- | | |

ഈ പദ്ധതികൾക്ക് തുകകൾ വിനിയോഗിച്ചതിന്റെ വിവരം പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. ഈ പദ്ധതികൾക്ക് ചെലവഴിച്ച ₹ 1554500/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-13 പാലിയേറ്റീവ് കെയർ- മരുന്ന് പൂർണമായി ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് | പാലിയേറ്റീവ് കെയർ |
| ബിൽ നം.,തുക | 07/2017-18/28-02-2018, ₹194750/- |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി എച്ച് സി |

സൂചിത ബിൽ പ്രകാരം പിൻവലിച്ച തുകയിൽ, ₹104000/- പാലിയേറ്റീവ് കെയറിനുള്ള മരുന്നുകൾക്ക് വേണ്ടി

'കാരുണ്യ'യിൽ അടവാക്കിയിട്ടുണ്ട്. നാളിതുവരെ മൂന്നു പ്രാവശ്യമായി ആകെ ₹67671/- യുടെ മരുന്ന് മാത്രമാണ് ലഭ്യമായത്. ബാക്കി ₹36329/-യുടെ മരുന്ന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 അംഗൻവാടി പോഷകാഹാര വിതരണം-രേഖകൾ ലഭ്യമാക്കാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല-തടസ്സം ₹313960/-

| | |
|---|---|
| പ്രോജക്ട് | അംഗൻവാടി പോഷകാഹാര വിതരണം |
| ചെക്ക് നം .,തുക | 759954/19-06-2017, ₹363965/- |
| നിർവ്വഹണം | ഐ സി ഡി എസ് സൂപ്പർവൈസർ |

സൂചിത പദ്ധതി ചെലവിനായി സെൻട്രൽ ഷെയർ ഇനത്തിൽ മേൽ നമ്പർ ചെക്ക് പ്രകാരം തുക ബാങ്കിൽനിന്ന് പിൻവലിച്ചിട്ടുണ്ട്. അതിൽ മുൻ സാമ്പത്തിക വർഷത്തിലെ ചുവടെ ചേർക്കുന്ന ബിൽ പ്രകാരമുള്ള ചെലവുകളും ഉൾപ്പെട്ടിട്ടുണ്ട്.

| ബിൽ നം. | ഇനം | അളവ് | നല്കിയ തുക | റിമാർക്സ് |
|---|---|---|---|---|
| 121/13.12.2016 | ന്യൂട്രിമിക്സ് | 1959 | 41084 | (1959x56=109704),part payment, ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് മാത്രമാണ് ഫയലിലുള്ളത് |
| 163/13.02.2017 | ന്യൂട്രിമിക്സ് | 1650 | 115500 | (1650x70),ബില്ലിന്റെ അസ്സൽ മാത്രമാണ് ഫയലിലുള്ളത് |
| 190/14.03.2017 | ന്യൂട്രിമിക്സ് | 1926 | 134820 | ((1926x70),ബില്ലിന്റെ അസ്സൽ മാത്രമാണ് ഫയലിലുള്ളത് |
| V/10-05-2017 | വണ്ടിക്കൂലി | - | 22556 | യഥാർത്ഥ ബിൽ ഇല്ല, പകർപ്പ് മാത്രമാണ് ഫയലിലുള്ളത് |
| | | ആകെ | 313960 | |

ബാങ്കിൽനിന്ന് ചെക്ക് വഴി തുക പിൻവലിച്ച് ചെലവ് നടത്തിയതിനാൽ ബില്ലുകളുടെ അസ്സലും ഡ്യൂപ്ലിക്കേറ്റും ഫയലിൽതന്നെ സൂക്ഷിക്കേണ്ടതാണ്. അവ ഇല്ലാത്തതിനാൽ ചെലവിന്റെ കൃത്യത ഉറപ്പാക്കാനായില്ല. ആയതിനാൽ ₹313960/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത രേഖകൾ അടിയന്തിരമായി ഹാജരാക്കാത്തപക്ഷം അപ്രകാരമുള്ള ചെലവ് നടന്നില്ലായെന്ന് കണക്കാക്കി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-15 കുടുംബശ്രീ അക്കൗണ്ടിൽ വൻ തുക നീക്കിയിരിപ്പ്

ദൂരദർശനും കുടുംബശ്രീമിഷനും സംയുക്തമായി സംഘടിപ്പിച്ച 'ഇനി ഞങ്ങൾ പറയാം' എന്ന പ്രോഗ്രാമിൽ ഇടുക്കി കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് സി.ഡി.എസിന് ഒന്നാം സമ്മാനമായി 1 കോടി രൂപ തൻവർഷം ലഭ്യമായിട്ടുണ്ട്. 31-3-2018 ൽ കാനറാബാങ്കിന്റെ കഞ്ഞിക്കുഴി ശാഖയിൽ സി.ഡി.എസി- ന്റെ അക്കൗണ്ട് നമ്പർ 6418101003439-ൽ ₹9929905 നീക്കിയിരിപ്പുണ്ട്. ഇതുമായി ബന്ധപ്പെട്ട മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി തുക വിനിയോഗിക്കാൻ ഭരണസമിതിയും സി.ഡി.എസും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-16 വൻതുക ലാപ്സായിരിക്കുന്നു

തൻവർഷം പഞ്ചായത്തിന്റെ സമഗ്ര വികസനത്തിനായി സംസ്ഥാന/ കേന്ദ്രസർക്കാരുകൾ അനുവദിച്ച ഫണ്ടുകൾ യഥാസമയം ചെലവഴിക്കാത്തതിനാൽ ഒന്നരകോടിയിലധികം രൂപ പഞ്ചായത്തിന് നഷ്ടപ്പെട്ടിരിക്കുന്നു. വിശദവിവരം താഴെ ചേർക്കുന്നു.

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 28611000 | 28611000 | 19379127 | 9231873 | 67.73 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 3033147 | 3033147 | 1500900 | 1532247 | 49.48 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 9011338 | 9011338 | 7958553 | 1052785 | 89.31 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 12287000 | 12287000 | 9537384 | 2749616 | 77.62 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 5823000 | 5823000 | 5818332 | 4668 | 99.91 |
| | | | | ആകെ | 14571189 | |

സർക്കാരിൽ നിന്ന് ലഭിക്കുന്ന ധനസഹായം യഥാസമയം ചെലവഴിക്കാൻ സാധിക്കാതിരിക്കുന്നത് ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥരുടെയും ഭാഗത്ത് നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്.

## 3-17 നീതി മെഡിക്കൽ സ്റ്റോറിൽ നിന്ന് പടുത വാങ്ങിയത്-ടെണ്ടർ നടപടികൾ ക്രമവിരുദ്ധം- തടസ്സം ₹144668/-

വൗച്ചർ നം. 21701107 /തി.7-3-2018 തുക ₹144668/-

NREGA പദ്ധതിയിൽ വിവിധ സൈറ്റുകളിലേയ്ക്ക് ആവശ്യമായ 200പടുത, 100 ഗ്ലൗസ് എന്നിവ നല്കിയ വകയിൽ നീതി മെഡിക്കൽ സ്റ്റോർ തങ്കമണിയ്ക്ക് ₹144668/- നൽകിയിട്ടുണ്ട്. 04-01-2018 ലെ ടെണ്ടർ നോട്ടീസ് പ്രകാരം നീതി മെഡിക്കൽസ് തങ്കമണി ടെണ്ടർ സമർപ്പിച്ചിട്ടുണ്ട്. പടുത ഒന്നിന് 538+Gst യും ഗ്ലൗസ് ഒന്നിന് 150+gst യും ആണ് ടെണ്ടറിൽ രേഖപ്പെടുത്തിയ തുക. എന്നാൽ നീതി മെഡിക്കൽസ് തങ്കമണിയുടെ പേരിൽ പരിശോധനയ്ക്ക് ഹാജരാക്കിയ ടെണ്ടർ പ്രസ്തുത സ്ഥാപനം സമർപ്പിച്ചതാണോയെന്ന് വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. പടുത വിതരണം നടത്തുന്നതിൽ അംഗീകാരമില്ലാത്ത നീതി മെഡിക്കൽ സ്റ്റോറിന്റെ ടെണ്ടർ അംഗീകരിച്ച് വാങ്ങൽ നടത്തിയതിനാലും വ്യക്തമായ രേഖകളുടെയും മറുപടിയുടെയും അഭാവത്തിലും ₹144668/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 വികലാംഗർക്ക് സ്വയം തൊഴിൽ സംരഭം -പദ്ധതി നടത്തിപ്പിലെ അപാകതകൾ– തടസ്സം ₹50000/-

നിർവ്വഹണം -വി.ഇ.ഒ

പദ്ധതി നം. SO 285/18

ബിൽ നം 9/346923തി28-3-18 തുക 50000/-

തൻവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ വികലാംഗർക്ക് സ്വയം തൊഴിൽ സംരഭം എന്ന പദ്ധതിയിൽ ₹50000/-ചെലവഴിച്ചിട്ടുണ്ട്. വൈഗ വികലാംഗ സ്വയംസഹായ സംഘം കഞ്ഞിക്കുഴി എന്ന സ്ഥാപനത്തിനാണ് ആനുകൂല്യം ലഭ്യമായത്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) സംഘത്തിൽ ഉൾപ്പെട്ട വ്യക്തികൾ വികലാംഗരാണെന്ന് തെളിയിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

2) സ്വയം തൊഴിൽ സംരഭമായി സംഘം ഏറ്റെടുത്ത പ്രവൃത്തിയുടെ വിശദാംശം പരിശോധനയ്ക്ക് ലഭ്യമായിട്ടില്ല.

3) നിലവിൽ സ്ഥാപനം പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമല്ല.

4) സംഘം സെക്രട്ടറി മോൻസി ജെയ്സന്റെ യൂണിയൻ ബാങ്കിലെ ലോൺ അക്കൗണ്ട് നമ്പർ 4231050300011231 ലേക്ക് ₹50000/- നൽകിയിട്ടുണ്ട്. എന്നാൽ പണത്തിന്റെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

മേൽ വിഷയത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമായില്ല്ല. രേഖകളുടെയും വിശദീകരണങ്ങളുടെയും അഭാവത്തിൽ രൂ.50000/- ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-19 ഇ.എം.എസ് ഭവനപദ്ധതി-ഗുണഭോക്താക്കളുടെ അധികവിഹിതം -ഒരു ഗുണഭോക്താവിന് രണ്ടു പ്രാവശ്യം തുക നല്കി

നിർവ്വഹണം-വി.ഇ.ഒ

പദ്ധതി നം -180

പദ്ധതി -ഇ.എം.എസ് ഭവനപദ്ധതി-ഗുണഭോക്താക്കളുടെ അധികവിഹിതം

ബിൽ നം1/576674 തി 23-10-17 തുക ₹ 1152500/-

തൻവർഷം വി.ഇ.ഒ നിർവ്വഹണം നടത്തിയ ഇ.എം.എസ് ഭവനപദ്ധതി-ഗുണഭോക്താക്കളുടെ അധികവിഹിതം നല്കുന്നതിന് ₹1152500/- മേൽ ബില്ല് പ്രകാരം മാറിയിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താക്കളായ 16 പേർക്ക് നൽകുന്നതിനാണ് മേൽ തുക മാറിയിരിക്കുന്നത്. എന്നാൽ പദ്ധതി ഗുണഭോക്താവ് ജോസഫ് ചാക്കോ കാരക്കാട്ട് (ക്രമ നം 14 ) അർഹതപ്പെട്ട തുക ₹125000/- കൈപ്പറ്റിയതിന്റെ രേഖയില്ല. മാത്രമല്ല, ഇതേ വ്യക്തിയുടെ ഭാര്യ ലിസി ജോസഫ് കാരക്കാട്ടിന് നൽകുന്നതിനായി ബിൽ നം. 6/25147 തി. 19-12-18 പ്രകാരം വീണ്ടും തുക മാറി ₹125000/- യൂണിയൻ ബാങ്ക് അക്കൗണ്ടിൽ നൽകിയിരിക്കുന്നു. ഇപ്രകാരം ഒരു ഗുണഭോക്താവിനുവേണ്ടി രണ്ടു പ്രാവശ്യം തുക മാറിയിരിക്കുന്നു. ഇത് ക്രമവിരുദ്ധമാണ്. ₹125000/- രണ്ട് തവണ മാറിയിട്ട് ചെലവഴിച്ചത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. 23.10.2017ൽ മാറിയ തുകയിൽ ₹1,25,000/- എപ്രകാരം വിനിയോഗിച്ചു എന്ന് അറിയിക്കേണ്ടതാണ്.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ | തുക ലഭിച്ച | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ്(ലക്ഷം) | ബാലൻസ് |
|---|---|---|---|---|---|

| സ്ഥാപനം | വർഷം | തുക(ലക്ഷം) | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 12 | പാൽ സബ്സിഡി | 12 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 13 | പാൽ സബ്സിഡി | 5.5 | 750000/- |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 1 | ഭിന്നശേഷി സ്കോളർഷിപ്പ് | 1 | - |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പോസ്റ്റ് മാറൽ | 39/28.02.18 | 809000 | 0 | 809000 |
| ഭൂജല വകുപ്പ് | കുഴൽ കിണർ | 51/28.03.18 | 100000 | 0 | 100000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ബസ് സ്റ്റാന്റ് ഷോപ്പിംഗ് കോംപ്ലക്സ് | 2101/28-11-2009 | 9000000 | 2138261 | 919564 | 243959 | 1218697 |
| ജവഹർ ഭവന | 294573/30-09-2015 | 21600000 | 18525526 | 1950000 | 500000 | 16575526 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | | | | | | |

ഗ്രാമപഞ്ചായത്തിൽ ലഭ്യമായ രജിസ്റ്റർ പ്രകാരമവും ഓഡിറ്റിന് ലഭ്യമാക്കിയ പത്രിക പ്രകാരമുള്ള വിശദാംശവുമാണ് മുകളിൽ ചേർത്തിരിക്കുന്നത്. എന്നാൽ തിരിച്ചടയ്ക്കാനുള്ള തുകകൾ വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിരിക്കുന്ന തുകകളുമായി വ്യത്യാസപ്പെട്ട് കാണുന്നു.

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2065925 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 2065925 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2065925 |

ബന്ധപ്പെട്ട രേഖകളും ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധിച്ചാണ് മേൽതുകയാണ് അവശേഷിക്കുന്നത് എന്ന് ഉറപ്പാക്കിയത്. വാർഷിക ധനകാര്യ പത്രികയിൽ ₹1500/-യുടെ കുറവ് കാണുന്നു.

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 27-08-2017 | 24 മാസം | 1421190 | |
| 2 | ഇടുക്കി ജില്ലാ സഹകരണ ബാങ്ക് | 07-04-2017 | 10 മാസം | 644235 | |
| 3 | കെ എസ് എഫ് ഇ ഭദ്രത | 30-07-1988 | - | 500 | |
| | | | ആകെ | 2065925 | |

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല .

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-2000 | | 2002-03 | 7.6.6(ii) | 1999-2000വർഷത്തിൽ | പഞ്ചായത്തിന് നഷ്ടമായ |

| | | | | | |
|---|---|---|---|---|---|
| | | | | എസ്.സി.പി. വിഭാഗത്തിലുള്ളവർക്ക് നടീൽ വസ്തുക്കൾ വിതരണം (കശുമാവിൻ തൈകൾ) ചെയ്തതിൽ 20.8.1998 ലെ സ.ഉ.(പി) നമ്പർ 175/98/ ത.ഭ.വ. എന്ന ഉത്തരവിൽ നിഷ്കർഷിച്ച പരിധിയിലുമധികം സബ്സിഡി നൽകിയതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി ഓഫീസറുടെ പേരിൽ 57000/- രൂപ ബാദ്ധ്യത നിശ്ചയിച്ചത് | ₹57000/- ശ്രീ. ജോർജ്.വി.തോമസിൽ നിന്നും ഈടാക്കി നൽകുന്നതിന് ഇടുക്കി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് 11.9.2012 ൽ കത്ത് സമർപ്പിച്ചിട്ടുള്ളതാണ്. |
| 2004-05 | 2-2 | 2006-07 | 3.35.3 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കാത്തത് സംബന്ധിച്ച് | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നുണ്ട് |
| 2004-05 | 3-12 | 2006-07 | 3.3.6.1 | ബയോഗ്യാസ് പ്ലാന്റ് നിർമ്മാണത്തിലെ അപാകത സംബന്ധിച്ച്. | 16800/- അടവാക്കി |
| | | 2011-12 | 2.4 | തപാൽപ്പെട്ടി, പരാതിപ്പെട്ടി, റാമ്പ് സംവിധാനം, പ്രഥമ ശുശ്രൂഷ കിറ്റ്, സ്റ്റേഷനറി എന്നിവ ഒരുക്കിയിട്ടില്ല.ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ സ്ഥാപിച്ചിട്ടില്ല. | തപാൽപ്പെട്ടി, പരാതിപ്പെട്ടി എന്നിവ സ്ഥാപിച്ചിട്ടുണ്ട്. പ്രഥമ ശുശ്രൂഷ സംവിധാനം സ്റ്റേഷനറി എന്നിവ ഫ്രണ്ട് ഓഫീസിൽ സ്ഥാപിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ പ്രദർശിപ്പിക്കേണ്ട വിവിധ ബോർഡുകൾ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്ഥാപിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(1) | സ്കൂളുകളിലിലെ ശുദ്ധജല വിതരണം കാര്യക്ഷമമല്ല. | ശുദ്ധജല വിതരണത്തിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| | | 2013-14 | 5.2.4(9) | സ്കൂൾ ചുറ്റുമതിൽ ഇല്ലാത്തത് | സ്ഥലത്തിന്റെ ഉടമ ജില്ലാ പഞ്ചായത്ത് ആണ്. ചുറ്റുമതിൽ നിർമ്മിക്കുവാൻ ജില്ലാ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| | | 2013-14 | 5.2.4(16) | വിദ്യാഭ്യാസ മേഖലയ്ക്ക് വകയിരുത്തുന്ന തുകകൾ അപര്യാപ്തം | വിദ്യാഭ്യാസ മേഖലയ്ക്ക് ആവശ്യമായ തുക വകയിരുത്തുന്നുണ്ട്. |
| | | 2013-14 | 5.2.4(18) | സ്കൂൾ വിദ്യാഭ്യാസ മേഖലയും സർവശിക്ഷാ അഭിയാനം | സർവ ശിക്ഷാ അഭിയാൻ അധികാരികൾക്ക് ആവശ്യമായ നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 2015-16 | 2-2 | 2016-17 | അനുബന്ധം-4 | വസ്തു നികതി അപാകതകൾ | |

## 4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

**(എ)** ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 30 | ശ്രീ.ഇ.എ.ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | ₹661 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ₹661 | |
| 2 | 1996-97 | 31 | ശ്രീ.ഇ.എ.ആന്റണി സെക്രട്ടറി | LF-25784/ Spl.Cell/ SC2/99/ 02.03.2001 | ₹3262.45 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ₹3262.45 | |

ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | സർചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 1996-97 | 36 | ശ്രീ.ഇ.എ.ആന്റണി സെക്രട്ടറി | LF.25784 Spl.Cell./ SC2/99/ 02.03.01 | ₹1960 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ₹1960 | |
| 2 | 1996-97 | 37 | ശ്രീ.കെ.പി.അബ്ദുൾ ഖാദർ കുഞ്ഞ് സെക്രട്ടറി | LF.25784/ Spl.Cell./ SC2/99/ 03.12.01 | ₹7532 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ₹7532 | |
| 3 | 2000-01 | 32 | ശ്രീ.ഇ.എ.ആന്റണി സെക്രട്ടറി | ലഭ്യമല്ല | ₹8580 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 8580 | |
| 4 | 2000-01 | 33 | ശ്രീ.പി.ജെ.ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | ₹9499 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 9499 | |
| 5 | 2000-01 | 34 | ശ്രീ.പി.ജെ.ജോസഫ് സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 04.07.06 | ₹1139 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1139 | |
| 6 | 2000-01 | 37 | ശ്രീ.ഇ.എ.ആന്റണി സെക്രട്ടറി | LF.11729/ Spl.Cell./ SC2/05/ 13.11.06 | ₹27476 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 27476 | |
| 7 | 2000-01 | 43 | ശ്രീ.ബിജു.പി.എൻ അസി.എൻജിനീയർ | LF.11729/ Spl.Cell./ SC2/05/ 13.11.06/ 14.02.07 | ₹873 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 873 | |
| 8 | 2003-04 | 3-6 | കെ.ജെ.ജോൺസൺ അസി.എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | ₹1403 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1403 | |
| 9 | 2003-04 | 3-7 | കെ.ജെ.ജോൺസൺ അസി.എൻജിനീയർ | LF.2502/ Spl.Cell./ SC2/08/ 12.05.10 | ₹1881 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1881 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം.

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹97200578 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹90331830 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹4627242 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| ഇല്ല | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 407934 | ശ്രീ പ്രദീപ് പി.ജി, സെക്രട്ടറി |
| 3-2 | 46180 | ശ്രീ.റോയ് മോൻ ചാക്കോ, അസി.സെക്രട്ടറി |
| 3-3 | 1060000 | ഡോ സാം എബ്രഹാം, വെറ്ററിനറി സർജൻ |
| 3-4 | 200000 | ഡോ സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ,സി എച്ച് സി കഞ്ഞിക്കുഴി |
| 3-5 | 100000 | ശ്രീമതി മീരാമോഹൻ, കൃഷി ഓഫീസർ |
| 3-6 | 150000 | ഡോ സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ, സി എച്ച് സി കഞ്ഞിക്കുഴി |
| 3-9 | 600000 | ഡോ സാം എബ്രഹാം, വെറ്ററിനറി സർജൻ |
| 3-12 | 1554500 | ശ്രീ പ്രദീപ് പി ജി, സെക്രട്ടറി |
| 3-14 | 313960 | ശ്രീമതി സജീന എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 3-17 | 144668 | ശ്രീ പ്രദീപ് പി ജി, സെക്രട്ടറി |
| 3-18 | 50000 | ശ്രീ സുനിൽകുമാർ എം എ, വി ഇ ഒ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-3

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| | ബാധകമല്ല | |

(എഫ്).റിപ്പോർട്ടിൽ പ്രതിപാദിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തിയതിന് ഉത്തരവാദികളുടെ പേരും മേൽ വിലാസവും.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ പ്രദീപ് പി.ജി, സെക്രട്ടറി | സെക്രട്ടറി, കൊരട്ടി ഗ്രാമപഞ്ചായത്ത് | പതപ്പിള്ളിൽ വീട് കിടങ്ങൂർ പി ഒ അങ്കമാലി എറണാകുളം |
| ശ്രീ.റോയ് മോൻ ചാക്കോ അസി.സെക്രട്ടറി | അസി.സെക്രട്ടറി,ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്ത് | തേക്കുപത്തിൽ വീട് പുറ്റടി പി ഒ, ഇടുക്കി |
| ഡോ സാം എബ്രഹാം, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, കഞ്ഞിക്കുഴി | ചേലപ്പിള്ളി വീട് ചേർപ്പ് പി ഒ, തൃശ്ശൂർ |
| ശ്രീമതി മീരാമോഹൻ എൻ കൃഷി ഓഫീസർ | കൃഷി ഓഫീസർ, പൈങ്ങോട്ടൂർ | രമണിക ദേവിലെയ്ൻ താളൂർ, ആര്യനാട് |
| ഡോ സരീഷ് ചന്ദ്രൻ, മെഡിക്കൽ ഓഫീസർ സി എച്ച് സി കഞ്ഞിക്കുഴി | മെഡിക്കൽ ഓഫീസർ സി എച്ച് സി, കഞ്ഞിക്കുഴി | വാഴേമാലിയിൽ വീട് മുരിക്കാശ്ശേരി പി.ഒ പതിനാറാംകണ്ടം ഇടുക്കി ജില്ല |
| ശ്രീ സുനിൽകുമാർ എം എ, വി ഇ ഒ | വി.ഇ.ഒ, ഇടുക്കി-കഞ്ഞിക്കുഴി | മുണ്ടയ്ക്കൽ വീട് പഴയരിക്കണ്ടം പി ഒ |
| ശ്രീമതി സജീന എസ് . ഐ.സി.ഡി.എസ് സൂപ്പർവൈസർ | ലഭ്യമല്ല | ഫിർദൗസ് യൂണിററിലൈൻ 15-B ലക്ഷ്മിനട, കൊല്ല്ലം |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക(എണ്ണം) | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡിക(നമ്പർ) |
|---|---|---|---|
| 1977-78 | എൽ.എഫ്.ഐ-9/485/99/10.11.1998 | | |
| 1978-79 | | | |
| 1979-80 | | | |
| 1980-81 | | | |
| 1981-82 | | | |

| | | | |
|---|---|---|---|
| 1982-83 | | | |
| 1983-84 | | | |
| 1984-85 | എൽ.എഫ്.ഐ-6/679/89/11.07.1990 | | |
| 1985-86 | എൽ.എഫ്.ഐ-6/565/90/05.10.1990 | | |
| 1986-87 | എൽ.എഫ്.ഐ-6/408/92/12.11.1992 | | |
| 1987-88<br>1988-89 | എൽ.എഫ്.ഐ-6/648/92/12.11.1992 | | |
| 1989-90 | എൽ.എഫ്.ഐ-6/200/93/23.11.1993 | | |
| 1990-91<br>1991-92 | എൽ.എഫ്.ഐ-6/440/93/23.11.1993 | | |
| 1992-93<br>1993-94 | എൽ.എഫ്.ഐ-6/444/94/17.10.1994 | | |
| 1994-95 | എൽ.എഫ്.ഐ-6/374/97/09.10.1997 | | |
| 1996-97 | എൽ.എഫ്.ഐ-9/132/98/20.10.1999 | 4 | 30,31,36,37 |
| 1997-98 | എൽ.എഫ്.ഐ-9/264/99/19.10.2000 | 0 | |
| 1998-99 | എൽ.എഫ്.ഐ-9/127/99/09.02.2000 | 0 | |
| 1999-00 | എൽ.എഫ്.ഐ-9/469/01/26.06.2002 | 2 | 29,33 |
| 2000-01 | എൽ.എഫ്.ഐ-9/452/03/31.12.2003 | 5 | 32,33,34,37,43 |
| 2001-02 | എൽ.എഫ്.ഐ-9/161/04/07.12.2014 | 0 | |
| 2002-03 | എൽ.എഫ്.ഐ-9/690/04/06.05.2005 | 1 | 3-7 |
| 2003-04 | എൽ.എഫ്.ഐ-9/243/06/12.12.2006 | 2 | 3-6,3-7 |
| 2004-05 | എൽ.എഫ്.ഐ-9/99/07/30.03.2007 | 0 | |
| 2005-06 | എൽ.എഫ്.ഐ-9/783/07/06.10.2007 | 0 | |

| | | | |
|---|---|---|---|
| 2006-07 | എൽ.എഫ്.ഐ-9/875/09/23.07.09 | 12 | 2-1 മുതൽ 2-9 വരെ<br>3-1 മുതൽ 3-3 വരെ |
| 2007-08 | എൽ.എഫ്.ഐ-13/778/11/18.06.12 | 29 | 2-1 മുതൽ 2-10 വരെ,<br>3-1, 3-2,<br>3-4 മുതൽ 3-20 വരെ |
| 2008-09 | എൽ.എഫ്.ഐ-13/779/11/07.10.11 | 12 | 2-1 മുതൽ 2-6 വരെ<br>3-1 മുതൽ 3-6 വരെ |
| 2009-10 | എൽ.എഫ്.ഐ-13/780/11/07.10.11 | 19 | 2-1 മുതൽ 2-9 വരെ<br>3-1 മുതൽ 3-10 വരെ |
| 2010-11 | എൽ.എഫ്.ഐ-13/1403/13/01.12.14 | 6 | 2-1 മുതൽ 2-3 വരെ<br>3-1 മുതൽ 3-3 വരെ |
| 2011-12 | എൽ.എഫ്.ഐ-13/802/14/01.12.14 | 15 | 2-1 മുതൽ 2-4 വരെ<br>3-1, 3-2, 3-4,<br>3-6 മുതൽ<br>3-13വരെ |
| 2012-13 | എൽ.എഫ്.ഐ-13/1330/14/07.01.14 | 12 | 2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-8 വരെ |
| 2013-14 | കെ എസ് എ-ഐ ഡി കെ-13/459/16/31.08.16 | 11 | 1-10, 2-1, 3-1,<br>3-3മുതൽ 3-10 വരെ |
| 2014-15 | കെ.എസ്.എ-ഐ.ഡി.കെ-13/1370/16/16.10.16 | 14 | 2-1 മുതൽ 2-7 വരെ<br>3-1 മുതൽ 3-7 വരെ |
| 2015-16 | കെ.എസ്.എ-ഐ.ഡി.കെ-13/328/17/18.04.17 | 11 | 2-1 മുതൽ 2-3 വരെ |

| | | | |
|---|---|---|---|
| | | | 3-1 മുതൽ 3-4 വരെ<br>3-6 മുതൽ 3-9<br>വരെ |
| 2016-17 | കെ.എസ്.എ-ഐ.ഡി.കെ-13/1665/17/01.01.18 | 14 | 1-12,<br>2-1 മുതൽ 2-4 വരെ<br>3-1 മുതൽ 3-19<br>വരെ |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ-ഐ.ഡി.കെ-13/1401/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി,
തൊടുപുഴ, തീയതി:22.01.2019

Ph:04862-227332
e-mail : doidk.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ഇടുക്കി ജില്ലയിലെ ഇടുക്കി-കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി